"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- പരിഷ്കരിച്ച സംസ്ഥാന ''വനിതാ നയം 2026''-അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(കൈ) നം.2/2026/WCDD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:- 1. സ.ഉ.(കൈ)നം.13/2009/സാക്ഷേവ തീയതി. 17.02.2009.

2. വനിതശിശു വികസന ഡയറക്ടറുടെ 17.05.2025-ലെ DWCD/710/2023-WEC6-Part(1) നം. കത്ത്.

**<u>ഉത്തരവ്</u>**

കേരളത്തിലെ സ്ത്രീ പദവി സംബന്ധിച്ച സമഗ്രമായ വനിതാ നയം അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന വനിതാ നയം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, വനിത ശിശു വികസന വകുപ്പും ജെൻഡർ കൗൺസിലും വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടേയും അഭിപ്രായ രൂപീകരണത്തിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വനിതാ നയത്തിന്റെ കരട് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് ലഭിച്ച അഭിപ്രായങ്ങളും ഭേദഗതി നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച അന്തിമ കരട് വനിതാ നയം അംഗീകാരത്തിനായി പരാമർശം (2) പ്രകാരം വനിതാശിശു വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാലാനുസൃതമായി പരിഷ്കരിച്ച ''വനിതാ നയം 2026'' അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) സർക്കാർ അംഗീകരിച്ച, കാലാനുസൃതമായി പരിഷ്കരിച്ച ''വനിതാ നയം 2026'' ഈ ഉത്തരവിനൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പുകൾക്കും.

പൊതു ഭരണ(എസ്.സി) വകുപ്പ്(Vide Item No.3626 Dated.11.02.2026)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sithara Vijayan
Date: 13-02-2026 22:26:41

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. ഡബ്ല്യൂസിഡി.-ബി3/244/2023/ഡബ്ല്യൂസിഡി.-പാർട്ട് (2). ഇനം നം: 3626

വിഷയം : വനിത-ശിശു വികസന വകുപ്പ് - പരിഷ്കരിച്ച സംസ്ഥാന വനിതാ നയം അംഗീകരിക്കുന്നത്.

തീരുമാനം : "2025" എന്നത് "2026" എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനിത-ശിശു വികസന വകുപ്പ്.

3626

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡബ്ല്യുസിഡി-ബി3/244/2023-ഡബ്ല്യുസിഡി-പാർട്ട് (2) |
| 2. | വകുപ്പ് | വനിതശിശു വികസന(ബി) വകുപ്പ് |
| 3. | വിഷയം | പരിഷ്കരിച്ച സംസ്ഥാന വനിതാ നയം അംഗീകരിക്കുന്നത്-സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20.01.2026. |
| 5. | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | ഇല്ല. |
| | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനു കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സന്തോഷ് കുമാർ.ടി.കെ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. ഷർമ്മിള മേരി ജോസഫ് |
| 9 | മന്ത്രിസഭ കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 29.01.2026. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭ കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31.01.2026. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭ കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02.02.2026. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03.02.2026. |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന വനിതാ നയം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരളത്തിലെ സ്ത്രീ പദവി സംബന്ധിച്ച സമഗ്രമായ വനിതാ നയം അംഗീകരിച്ച് സ.ഉ (കൈ)നം. 13/2009/സാക്ഷേവ തീയതി.17.02.2009 പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന വനിതാ നയം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, വനിത ശിശു വികസന വകുപ്പും ജെൻഡർ കൗൺസിലും വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടേയും അഭിപ്രായ രൂപീകരണത്തിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ വനിതാ നയത്തിന്റെ കരട് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് ലഭിച്ച അഭിപ്രായങ്ങളും ഭേദഗതി നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിച്ച അന്തിമ കരട് വനിതാ നയം അംഗീകാരത്തിനായി വനിതശിശു വികസന ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

3. പരിഷ്ക്കരിച്ച അന്തിമ കരട് വനിതാ നയത്തിന് അംഗീകാരം നല്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

അനുബന്ധമായി ചേർത്തിരിക്കുന്ന പരിഷ്ക്കരിച്ച സംസ്ഥാന വനിതാ നയത്തിന്റെ കരടിന് അംഗീകാരം നല്കാവുന്നതാണോ?

## ഇന്ത്യൻ സ്ത്രീ- അവസ്ഥ

നമ്മുടെ രാജ്യം 1947-ൽ സ്വാതന്ത്ര്യം നേടിയ ശേഷം, ഇന്ത്യൻ സ്ത്രീകളുടെ അവസ്ഥ വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ജാതി, മതം ,വർണ്ണം ,വർഗ്ഗം വിശ്വാസം ലിംഗ ഭേദങ്ങൾക്കതീതമായി എല്ലാ പൗരൻമാർക്കും ഇന്ത്യൻ ഭരണഘടന തുല്യത ഉറപ്പ് നൽകുന്നു. സ്ത്രീകൾക്കെതിരായ എല്ലാ വിവേചനങ്ങളും ഇല്ലാതാകുന്നതിനുള്ള ഐക്യരാഷ്ട്ര സഭയുടെ സീഡോ (CEDAW) ഉടമ്പടിയിൽ ഒപ്പുവച്ച രാജ്യമെന്ന നിലക്ക് രാജ്യത്തു സ്ത്രീകൾ നേരിടുന്ന വിവേചനങ്ങൾ അവസാനിപ്പിച്ചു ഭരണ ഘടന അനുശാസിക്കുന്ന തരത്തിൽ സമൂഹത്തിന്റെ എല്ലാ മേഖലകളിലും ലിംഗ പദവി സമത്വം ഉറപ്പാക്കുന്നതിനും, തൊഴിൽ, വിഭവശേഷി വികസനം എന്നിവയിൽ തുല്യ അവസരം ഉറപ്പാക്കുന്നതിനും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ബാധ്യസ്ഥരാണ്.

കേരള സംസ്ഥാന രൂപീകരണം മുതൽ തന്നെ കേരള സർക്കാർ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക മേഖലകളിൽ വൻതോതിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. ഇത് കേരളത്തിൽ മാനവ വികസന സൂചികയിൽ പുരോഗതി കൈവരിക്കുന്നതിനും അത് വഴി ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളത്തിലെ സ്ത്രീകൾ വിവിധ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിനും കാരണമായിട്ടുണ്ട്. എന്നാൽ സമൂഹത്തിൽ പരമ്പരാഗതമായി നിലനിന്നു പോരുന്ന ജാതി മേധാവിത്വവും, പുരുഷ മേധാവിത്വവും, അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും ചേർന്ന് സൃഷ്ടിച്ച ലിംഗ വിവേചനവും അസമത്വവും ഇപ്പോഴും സ്ത്രീകൾ നേരിടുന്നുണ്ട്. അത് സ്ത്രീകളുടെ അന്തസ്സിനെ ബാധിക്കുകയും ആത്മാഭിമാനത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു. ഭരണ രംഗത്തും സാമൂഹ്യ സാംസ്കാരിക മേഖലകളിലും ലിംഗ പദവി സമത്വം ഉറപ്പാക്കുന്ന സമഗ്രവും ഫലപ്രദവുമായ ഇടപെടലുകൾ രാജ്യത്ത് അത്യന്താപേക്ഷിതമാണ്.

### കേരളത്തിലെ സ്ത്രീ പദവി-വെല്ലുവിളികൾ

കേരളത്തിലെ സ്ത്രീകളുടെ പദവി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ സ്ത്രീകളുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്തമായൊരു വളർച്ചയുടെ ചരിത്രവും സമകാലിക ചിത്രവുമാണ് കാണാൻ കഴിയുന്നത്.

ഒന്നര നൂറ്റാണ്ടിലധികം നീണ്ടു നിന്ന സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും നവോത്ഥാന പ്രക്രിയകളുടെയും, അവകാശ സമരങ്ങളുടെയും, തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ സർക്കാരുകളുടെ ഭരണ നടപടികളുടെയും അനന്തരഫലമാണ് ഇന്നത്തെ കേരളസമൂഹത്തെ അടിമുടി മാറ്റിമറിക്കാൻ പര്യാപ്തമായ കേരളത്തിലെ സ്ത്രീ ജീവിതം. എന്നാൽ ആരോഗ്യ- വിദ്യാഭ്യാസ-സാമൂഹ്യക്ഷേമ രംഗങ്ങളിൽ കേരളത്തിലെ സ്ത്രീ സമൂഹം നേടിയിട്ടുള്ള വളർച്ചയും താരതമ്യേന മെച്ചപ്പെട്ട ജീവിതഗുണനിലവാരവും അംഗീകരിക്കുമ്പോൾ തന്നെ കേരളത്തിലെ സ്ത്രീകൾ നിരവധി വെല്ലുവിളികളും നേരിടുന്നുണ്ട്. പൊതു സമൂഹം പുരോഗമനപരമായി ചിന്തിക്കുമ്പോഴും കുടുംബത്തിൻറെ ബോധം ഇപ്പോഴും 'ഫ്യൂഡൽ' മൂല്യങ്ങളെ പിന്തുടരുന്നു. പൂർണ്ണമായും ലിംഗപദവി സമത്വമുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിന് ഇനിയും കേരളത്തിൽ കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത തിരിച്ചറിയേണ്ടതുണ്ട്. കേരളം വികസനത്തിന്റെ വൈരുദ്ധ്യങ്ങളെന്ന് ഗവേഷകർ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്.

കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന സമകാലിക രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക സാഹചര്യത്തിൽ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകൾ സ്വാഗതാർഹമാണ്. കേരളത്തിൽ ലിംഗ പദവി സമത്വമുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിന് പര്യാപ്തമായ ആശയപ്രചരണങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും സർക്കാരിന്റെ നേതൃത്വത്തിൽ സമൂഹത്തിന്റെ പങ്കാളിത്തത്തോടെ തുടരേണ്ടതുണ്ട്. ലിംഗ അസമത്വത്തെ സമൂഹത്തിൽ നിന്നും തുടച്ചു നീക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപം നൽകിയ വനിതാ നയം മാറുന്ന കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചു പുതുക്കുകയും സമഗ്രമാക്കുകയും ചെയ്യേണ്ടതുണ്ട്.

## ഇന്നത്തെ കേരളം

വനിതാ നയം ഉണ്ടാകുന്നത് മൂന്നു കാലഘട്ടങ്ങളിലായാണ്. **1996, 2009, 2015** എന്നീ വർഷങ്ങളിലായാണ് വനിതാ നയം കേരള സർക്കാർ പ്രഖ്യാപിക്കുന്നത്. **2015** ൽ നിന്നും **2025** വരെയുള്ള കാലഘട്ടത്തിൽ കേരളം, വമ്പിച്ച മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ സാമൂഹ്യവും, സാമ്പത്തികവും, സാംസ്കാരികവും, ഭദ്രമായ ക്രമസമാധാനവും, മതനിരപേക്ഷതയിലൂന്നിയ ജീവിത ക്രമവും ജനജീവിതം മെച്ചപ്പെടുത്താൻ കേരള ജനതയെ സഹായിക്കുന്നു. അതോടൊപ്പം സ്ത്രീപക്ഷത്ത് നിന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന

സർക്കാർ കേരളത്തിൽ ഉണ്ട് എന്നതും ഏറെ ശക്തി പകരുന്നതാണ്.

2019 മുതലുള്ള വർഷങ്ങൾ മഹാമാരിക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങളിൽ പൂർണമായും ഏർപ്പെട്ടിരുന്ന കാലഘട്ടമായിരുന്നു. സർക്കാർ സംവിധാനങ്ങളെയും ജനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ട് തന്നെ "കരുതൽ" പ്രവർത്തനങ്ങൾ നടത്തുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, ലോക ശ്രദ്ധ പിടിച്ചു പറ്റുന്ന രീതിയിൽ മാതൃകയാവാനും കേരളത്തിന് കഴിഞ്ഞു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്ക് ചെറുതല്ല. സജീവ പങ്കാളികളായും സന്നദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരായും ജനസേവകരായും ഇക്കാലഘട്ടത്തിൽ സ്ത്രീകൾ പൊതു രംഗത്ത് നിറഞ്ഞു നിന്നിരുന്നു.

കേരളത്തെ "മാതൃക"യാക്കി ചിത്രീകരിക്കുമ്പോഴും കേരളം അഭിമുഖീകരിച്ചിരുന്ന മുഖ്യമായ രണ്ടു വിഷയങ്ങൾ തൊഴിൽ രംഗത്തുള്ള സ്ത്രീപ്രാതിനിധ്യത്തിന്റെ കുറവും, സ്ത്രീകൾക്ക് നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങളുമായിരുന്നു എന്നത് നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞു. അതിനുള്ള മുഖ്യ ഉപാധിയായി പ്രവർത്തിച്ചത്, കേരളത്തിൽ നടപ്പാക്കിയിരുന്ന ജൻഡർ ബജറ്റും അതിനോടനുബന്ധമായി നടന്ന ഗവേഷണങ്ങളും, പഠനങ്ങളും ആയിരുന്നു. ഈ പശ്ചാത്തലത്തിൽ, നിലവിലെ സർക്കാർ, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും, സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് , സ്ത്രീപക്ഷ കേരളം എന്ന ആശയത്തിന് രൂപം നൽകി.

കേരള സർക്കാർ 2017 ൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി വനിതാ ശിശു വികസന വകുപ്പിന് രൂപം കൊടുത്തു. തിരുവനന്തപുരം ജില്ലയിൽ പൂജപ്പുര കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വനിത ശിശുവികസന ഡയറക്ടറേറ്റ് ജില്ലാ തലത്തിൽ ജില്ലാ വനിത ശിശുവികസന ഓഫീസർമാരെ നിയമിച്ച് പൂർണ രൂപത്തിൽ പ്രവർത്തിച്ച് തുടങ്ങി. അങ്കണവാടികൾ, ശിശു ക്ഷേമ സ്ഥാപനങ്ങൾ (child care Institutions), വനിതാ വികസന കോർപ്പറേഷൻ, നിർഭയ പദ്ധതി, വനിതാ കമ്മീഷൻ, ജെൻഡർ പാർക്ക്, ബാലാവകാശ കമ്മിഷൻ, ജെൻഡർ കൌൺസിൽ എന്നിവ ഈ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. സ്ത്രീസുരക്ഷക്കായുള്ള 24X7 എന്ന രീതിയിൽ പ്രവർത്തിക്കുന്ന 181 എന്ന വനിതാ ഹെൽപ് ലൈൻ 2017 ൽ നടപ്പിലാക്കി. "ഗാർഹിക പീഡനനിരോധന നിയമം 2005" നടപ്പിലാക്കുന്നതിനായി 2007 മുതൽ പതിനാലു ജില്ലകളിലും വനിത സംരക്ഷണ ഓഫീസർമാരെ നിയമിച്ചു പ്രവർത്തിച്ചു വരുന്നു. കൂടാതെ 2021 ൽ സ്ത്രീധന നിരോധന

ഭേദഗതി ചട്ട പ്രകാരം സംസ്ഥാന സർക്കാർ പതിനാലു ജില്ലകളിലെ ജില്ലാ വനിത ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി അധിക ചുമതല നൽകി നിയമിച്ചിട്ടുണ്ട്. സ്ത്രീധനമെന്ന ദുരാചാരത്തിനെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ' കനൽ' കർമ്മ പദ്ധതി ആരംഭിച്ചിട്ടുണ്ട്. അഞ്ചു വർഷത്തിനുള്ളിൽ സ്ത്രീധന സമ്പ്രദായം പൂർണമായും നിർമാർജനം ചെയ്യുക എന്നതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം.

പൊതു ഇടങ്ങളിലും സ്വകാര്യ ഇടങ്ങളിലും അതിക്രമങ്ങൾക്ക് ഇരയാവുന്ന സ്ത്രീകളെ സഹായിക്കുന്നതിനായി "സഖി" വൺ സ്റ്റോപ്പ് സെന്ററുകൾ എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നു. അതിക്രമങ്ങൾക്ക് ഇരയായി അവിടെ എത്തുന്ന സ്ത്രീകൾക്ക് 24X7 സേവനം ഉറപ്പ് വരുത്തുന്നുണ്ട്. അതുപോലെ, ലൈംഗിക ആക്രമണത്തിന് ഇരയായ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ സംരക്ഷണത്തിനായി എല്ലാ ജില്ലകളിലും സുരക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ആസിഡ് ആക്രമണം, ലൈംഗിക അതിക്രമം എന്നിവയെ അതിജീവിച്ച സ്ത്രീകൾക്ക് അടിയന്തിര സഹായമായി "ആശ്വാസ നിധി" (Interim relief ) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

യാത്ര ചെയ്യുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം വൃത്തിയുള്ളതും, സുരക്ഷിതവുമായ ശുചിമുറികൾ ഒരുക്കാൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 58 ഓളം ഫ്രെഷ്നെസ് സെന്ററുകൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ, ആശുപത്രികൾ സ്ത്രീ സൗഹൃദമാക്കുകയും, പരിശോധനാ മുറികളുടെ സ്വകാര്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കുടുംബശ്രീ വഴി "സ്നേഹിത" എന്ന ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിച്ചു വരുന്നു.

സ്ത്രീ സുരക്ഷക്ക് മുൻഗണന കൊടുക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി വനിതകൾ കൂടി ഉണ്ടെന്നു ഉറപ്പാക്കുകയും അതുപോലെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന 1091 വനിതാ ഹെല്പ് ലൈൻ നമ്പറും വനിതാ ഹെല്പ് ഡസ്കും ഒരുക്കുകയുമുണ്ടായി. സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിക്കുകയും നിലവിൽ പോലീസ് സേനയുടെ 6.7% വനിതകളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സ്ത്രീകൾക്ക് സ്വയം പ്രതിരോധ

പരിശീലനം നൽകി വരുന്നു.

ഒറ്റക്ക് ജീവിക്കുന്നവരും ഒറ്റപ്പെട്ടവരുമായ സ്ത്രീകളുടെയും, വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളെയും കേന്ദ്രീകരിച്ചു സ്വയം തൊഴിൽ തുടങ്ങാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ രംഗത്ത് സ്ത്രീകളെ എത്തിയ്ക്കുകയും തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നതോടെ ,സ്ത്രീകളുടെ ആശ്രിതത്വം കുറയുവാൻ ഇടയുണ്ട്. മാത്രമല്ല സ്ത്രീകളുടെ തൊഴിൽ പ്രാതിനിധ്യം കുറഞ്ഞിരിക്കുന്ന കേരള സംസ്ഥാനത്ത്, സ്ത്രീകളെ തൊഴിൽ രംഗത്ത് എത്തിയ്ക്കുക എന്നതും അത്യാവശ്യമാണ്. അതിനായി കാലാനുസൃതമായ മാറ്റങ്ങൾ സ്ത്രീകളുടെ തൊഴിൽ രംഗത്ത് ഉണ്ടാകണം എന്ന ധാരണയോടെ, നൈപുണ്യ വികസനത്തിൽ ഊന്നിക്കൊണ്ടാണ് കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ രംഗം വികസിപ്പിക്കാൻ ഉദ്യമം നടക്കുന്നത്.

പരമ്പരാഗതമായി സ്ത്രീകൾ ചെയ്തിരുന്ന തൊഴിലുകളുടെ ലഭ്യതക്കുറവും തൊഴിൽ രംഗത്ത് ലിംഗതുല്യത ഉറപ്പ് വരുത്തണമെന്നുള്ള ഇന്നത്തെ ആവശ്യവും കണക്കിലെടുത്ത് കൊണ്ടാണ് പുരുഷന്മാർ മാത്രം ചെയ്തിരുന്ന തെങ്ങുകയറ്റം, പ്ലംബിംഗ്, വയറിംഗ്, ലോക്കോ പൈലറ്റ് മുതലായ തൊഴിലുകളിൽ സ്ത്രീകളുടെ സാധ്യതകൾ വർധിപ്പിച്ചിട്ടുള്ളത്. അത് സ്ത്രീകളെ കൂടുതലായി തൊഴിൽ രംഗത്തേക്ക് കൊണ്ടുവരുവാൻ സഹായിച്ചിട്ടുമുണ്ട്. ഈ രംഗങ്ങളിൽ കുടുംബശ്രീയുടെ പ്രാതിനിധ്യം വളരെ സ്തുത്യർഹമാണ്. തൊഴിൽ സംരംഭകത്വത്തിന്റെ കാര്യത്തിലും സ്ത്രീകൾ ഇതുവരെ എത്തിപ്പെടാത്ത പല മേഖലകളിലേക്കും എത്തുവാൻ സ്ത്രീകളെ സഹായിക്കാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഏകദേശം അറിയപ്പെടുന്ന **31000** സംരംഭങ്ങൾ കുടുംബശ്രീയുടെ കീഴിലുണ്ട്. കൂടാതെ, കുടുംബശ്രീയുടെ കീഴിൽ 'പുനർജനി' എന്ന പേരിൽ കാർഷിക രംഗത്തിലും പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. **4%** പലിശനിരക്കിൽ വായ്പ നൽകിക്കൊണ്ട് സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്ന കുടുംബശ്രീ കേരളത്തിന്റെ തൊഴിൽ രംഗത്തെ നെടുംതൂണായി മാറിയിട്ടുണ്ട്. ഇത് സ്ത്രീകളുടെ ആത്മവിശ്വാസത്തെയും, സാമ്പത്തിക ഭദ്രതയേയും ഏറെ സഹായിച്ചിട്ടുണ്ട് എന്ന് മാത്രമല്ല, നിലനിൽക്കുന്ന പരമ്പരാഗത ചിന്താഗതികളെ ചോദ്യം ചെയ്യുവാനും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്.

കൂടാതെ, കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിന്റെ ഭാഗമായി, **Kerala Knowledge Economy Mission** സ്ത്രീകൾക്ക് തൊഴിൽ വാഗ്ദാനം കൊടുക്കുന്ന രീതിയിൽ വികസനം കൈവരിച്ചിട്ടുണ്ട്. **Skilling/Re**

skilling/up skilling/cross skilling എന്നിങ്ങനെ തൊഴിൽ രംഗത്ത് പുത്തൻ ഉണർവ് സൃഷ്ടിക്കാനുള്ള കർമപരിപാടികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

അസംഘടിത തൊഴിൽ മേഖലയിൽ ഭൂരിഭാഗം സ്ത്രീകളാണുള്ളത്. അസംഘടിത മേഖലയിലെ തൊഴിലാളികളെ മുഴുവൻ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ കേരള അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷ ബോർഡ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ എണ്ണം 80,07,299 ആയി ഉയർന്നിട്ടുണ്ട്. അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് ബാങ്ക് വഴി 'വേതനസുരക്ഷ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 12,444 പാചക തൊഴിലാളികൾക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷ ബോർഡിൽ അംഗത്വം നൽകിയിട്ടുണ്ട്.

തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) ആക്ട് 2013 നടപ്പിലാക്കുന്നതിനായുള്ള നോഡൽ ഏജൻസിയായി വനിത ശിശു വികസന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനെ തുടർന്ന്, വകുപ്പ് മുഖേന ഈ നിയമം നടപ്പിലാക്കുന്നതിനായി കൈപുസ്തകം പരിഭാഷപ്പെടുത്തി പ്രചരിപ്പിച്ചു. കൂടാതെ, എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റിയും ജില്ലാതലത്തിൽ ലോക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള ക്യാമ്പയിൻ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിയമം അനുശാസിക്കും പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, പരാതികളുടെ എണ്ണം തിട്ടപ്പെടുത്താനുള്ള സംവിധാനം എന്ന നിലയിൽ 'പോഷ് കംപ്ലയിൻസ് പോർട്ടലും' പ്രവർത്തിക്കുന്നുണ്ട്.

ഇത്തരത്തിൽ കേരളത്തെ സ്ത്രീപക്ഷ കേരളം ആക്കി മാറ്റുന്നതിന്റെ ഭാഗമായി നിരവധി നൂതന പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടന്നു വരുന്നു. ഭരണത്തിന്റെയും അധികാരത്തിന്റെയും പരിധിയിൽ സ്ത്രീകളെ കൊണ്ട് വരുന്നതിന്റെ ഭാഗമായി ഇന്ന് കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, നഗരസഭകൾ എന്നിവിടങ്ങളിൽ 11965 സ്ത്രീകൾ അധികാരത്തിലുണ്ട്. തദ്ദേശ സ്വയം ഭരണ പരിശീലനകേന്ദ്രമായ "കില" (Kerala Institute of Local Administration) യിൽ എല്ലാ സ്ത്രീ ജനപ്രതിനിധികൾക്കും പരിശീലനം നൽകിവരുന്നു.

സംസ്ഥാനത്ത് ജൻഡർ ഓഡിറ്റും, ജൻഡർ ബജറ്റും നടപ്പാക്കി വരുന്നു. സംസ്ഥാന ബജറ്റിന്റെ 20% ൽ അധികം സ്ത്രീകൾക്കായി മാറ്റി വെക്കപ്പെടുന്ന ഏക സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു.

വനിതകൾക്ക് വിദേശ രാജ്യങ്ങളിൽ സുരക്ഷിതമായ തൊഴിൽ ഉറപ്പാക്കുന്നതിനായി നോർക്ക റൂട്ട് കേന്ദ്രീകരിച്ചു NRK വനിതാ സെൽ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ "സ്ത്രീപക്ഷ കേരളം" എന്ന ആശയത്തിലൂന്നി കേരളം അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്നു. എങ്കിലും ഇനിയും വികസനം ഉണ്ടാവേണ്ട മേഖലകൾ ഉണ്ട്. അവയെക്കുറിച്ചു പഠിക്കുവാനും പരിഹാരം കാണുവാനും കഴിഞ്ഞാൽ മാത്രമേ " സ്ത്രീപക്ഷ കേരളം"എന്നത് സാർത്ഥകമാകയുള്ളൂ.

പുരുഷമേധാവിത്വം ഇന്നും നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ സ്ത്രീകളുടെ നയ പരിപാടികൾ തയ്യാറാക്കുമ്പോൾ സ്ത്രീകളെ രണ്ടാംകിട പൗരകളാക്കി മാറ്റുന്ന ആണധികാര ആശയങ്ങളെയും പ്രവർത്തികളെയും ചോദ്യം ചെയ്യേണ്ടതുണ്ട്. ട്രാൻസ്ജൻഡറുകൾക്കായി ഒരു നയം രൂപീകരിച്ച കേരളത്തിൽ, പുരുഷന്മാരെയും മറ്റു ലിംഗ ന്യൂനപക്ഷങ്ങളെയും ഒന്നിച്ചു നിർത്തിക്കൊണ്ട് മാത്രമേ ലിംഗനീതിക്കായുള്ള പോരാട്ടം സാധ്യമാവുകയുള്ളൂ. മാത്രമല്ല, സ്ത്രീകളുടെ അരക്ഷിതാവസ്ഥക്ക് കാരണമാകുന്ന വർഗീയത, മതവൽക്കരണം സ്ത്രീശരീരത്തെ കേന്ദ്രീകരിച്ച് നടക്കുന്ന ഉപഭോക്തൃ സംസ്കാരം, വിപണി രാഷ്ട്രീയം, നവലിബറൽ നയങ്ങൾ എന്നിവയേയും, അത് നടപ്പിലാക്കാൻ കൂട്ടു പിടിക്കുന്ന ആൺ കോയ്മ മനോഭാവത്തെയും ചോദ്യം ചെയ്യേണ്ടതുണ്ട്. ഇത് കൂടാതെ, സാമൂഹ്യ വിപത്തുകളായ മദ്യപാനം, ലഹരി ഉപയോഗം, അന്ധവിശ്വാസങ്ങൾ, അശാസ്ത്രീയവും നാശോന്മുഖവുമായ അനുഷ്ഠാനങ്ങൾ എന്നിവ നിഷ്കാസനം ചെയ്യേണ്ടത് സമൂഹത്തിന്റെ മുഴുവൻ ഉത്തരവാദിത്തമാകയാൽ ആയത് സാധ്യമാക്കുന്നതിനായി പൊതുസമൂഹത്തിനു നിർബന്ധമായും ബോധവൽക്കരണം നൽകേണ്ടതുണ്ട്.

അതേസമയം, സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് സ്ത്രീകൾക്കായുള്ള നയപരിപാടികൾ ആവിഷ്കരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ മേഖലകളിലും നിലനിൽക്കുന്ന വിവേചനങ്ങളെ മറി കടന്നു കൊണ്ട് പൂർണമായ ലിംഗസമത്വസമൂഹം സൃഷ്ടിക്കേണ്ടതുമുണ്ട്. ഈ ലക്ഷ്യത്തെ

സാധ്യമാക്കാൻ ഓരോ മേഖലയിലും നിലനിൽക്കുന്ന വിവേചനങ്ങളെ തിരിച്ചറിഞ്ഞു അവയെ ഇല്ലാതാക്കുവാനുള്ള കർമ പരിപാടികളാണ് കേരള സർക്കാർ മുന്നോട്ടു വെക്കുന്നത്.

മറ്റു ലിംഗപദവിയിൽ ഉള്ളവരെയും കൂടി ചേർത്തു നിർത്തിക്കൊണ്ട് മാത്രമേ അന്തസ്സായി ജീവിക്കാനുള്ള സ്ത്രീകളുടെ അവകാശവും, ഉന്നമനവും, സാധ്യമാവുകയുള്ളു എന്ന നിലപാടിനാണ് വനിതാനയം ഊന്നൽ നൽകുന്നത്. അത്തരം വിഭാഗങ്ങളിൽ കൃത്യമായ ബോധവൽക്കരണവും, മനോഭാവങ്ങളിൽ മാറ്റവും വരുത്തിക്കൊണ്ട് മാത്രമേ സാമൂഹ്യ നീതി ഉറപ്പു വരുത്തുവാൻ സാധിക്കുകയുള്ളൂ എന്ന ബോധ്യത്തിലാണ് കഴിഞ്ഞ മൂന്നു നയങ്ങളിലും പ്രതിപാദിച്ച നൂതന പരിപാടികൾ നടപ്പിലാക്കി കേരളം മുന്നേറുന്നത്. എങ്കിലും ഇനിയും നിറവേറ്റാനുള്ള കർമപരിപാടികളും നയരൂപീകരണങ്ങളും ആവിഷ്കരിക്കേണ്ടതുണ്ട്. അവയെ കാലാനുസൃതമായി പരിഷ്കരിക്കുക എന്ന ദൗത്യമാണ് വനിതാനയം 2026 ലൂടെ സർക്കാർ നടപ്പിലാക്കുന്നത്.

## വനിതാ നയം – കാഴ്ച്ചപ്പാട്:-

സ്ത്രീ പൗര ,തൊഴിലാളി, എന്നീ നിലകളിൽ ത്രിമുഖമായ പോരാട്ടം നടത്തേണ്ടി വരുന്ന സ്ത്രീകളുടെ അവസ്ഥ ഇന്നും തുടരുന്നു. സ്ത്രീകളുടെ സുരക്ഷയ്ക്കും തൊഴിലവകാശ സംരക്ഷണത്തിനും വേണ്ടി ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷതയുടെയും ജനാധിപത്യത്തിന്റെയും സാമൂഹ്യ നീതിയുടെയും ലിംഗനീതിയുടെയും തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള കർമപരിപാടികൾ നടപ്പിലാക്കുമെന്നതാണ് വനിതാ നയത്തിന്റെ കാഴ്ചപ്പാട്. കേരളത്തിൽ ലിംഗനീതിയുടെ പ്രശ്നത്തെ നാം കാണുന്നത് സാമൂഹ്യമായി പാർശ്വവൽക്കരിക്കപ്പെട്ടവരും ചൂഷിതരുമായ വിഭാഗങ്ങളുടെ മോചനത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള പോരാട്ടമായാണ്. ഈ ലക്ഷ്യങ്ങൾ മുൻ നിർത്തി സമഗ്രമായ ഒരു വനിതാ നയം നടപ്പിലാക്കുന്നതിനാവശ്യമായ കർമ്മ പരിപാടികളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

### വനിതാ നയം ലക്ഷ്യങ്ങൾ:-

- വിവിധ ചൂഷണങ്ങളിൽ നിന്നും സ്ത്രീകളെ മോചിപ്പിച്ചു കൊണ്ട് കേരളത്തിൽ ലിംഗ സമത്വമുള്ള ഒരു സമൂഹം സൃഷ്ടിക്കുക എന്നതാണ് വനിതാ നയത്തിന്റെ ലക്ഷ്യം.
- സമൂഹത്തിന്റെ എല്ലാ മേഖലകളിൽ നിന്നും ആൺകോയ്മാ

മൂല്യബോധത്തിന്റെ ധാരണകളും, പരമ്പരാഗത ആശയങ്ങളും മുതലാളിത്ത നവ-ലിബറൽ അധികാര ബന്ധങ്ങളും തുടച്ചു നീക്കുന്നതിന് ഭരണപരവും സാമൂഹ്യവും സാംസ്കാരികവും ആയ ഇടപെടലുകൾ നടത്തുക;

- ജനസംഖ്യയിൽ പകുതിയിൽ അധികം വരുന്ന സ്ത്രീകൾക്ക് ഭരണ നിയമനിർമാണ സഭകളിലും, അധികാരകേന്ദ്രങ്ങളിലും, പൗരസമൂഹത്തിലും തുല്യ പ്രാതിനിധ്യം ഉറപ്പാക്കുന്നതിലൂടെ സമൂഹ രൂപീകരണത്തിൽ സ്ത്രീകളെ തുല്യ പങ്കാളികളാക്കുക.
- സ്ത്രീകളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനായി ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, നിയമസംരക്ഷണം, സാമൂഹ്യസംരക്ഷണം, ഭരണരംഗം, സൈബർ ഇടങ്ങൾ തുടങ്ങിയ എല്ലാ സാംസ്കാരിക മണ്ഡലങ്ങളിലും സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിച്ചുകൊണ്ട് ഈ മേഖലകളിലെ ഗുണമേന്മയും പ്രവർത്തന മികവും വർധിപ്പിക്കുക;
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും വിവേചനങ്ങളും ഇല്ലാതാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളിൽ സ്ത്രീകളെ കൂടി പങ്കെടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- ലിംഗപദവി കാഴ്ചപ്പാടോട് കൂടി നടപ്പിലാക്കി വരുന്ന കേരള വികസന പ്രക്രിയയിൽ സ്ത്രീപക്ഷ കേരളം എന്ന സ്വപ്ന ലക്ഷ്യം സഫലീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റു വികസന ഏജൻസികൾ, പൗരസമൂഹം, എന്നിവയുടെ സഹകരണത്തോടെ ലിംഗാവബോധം വളർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുക;
- കുടുംബം, വിദ്യാഭ്യാസം, സാംസ്കാരിക ഇടങ്ങൾ, പൊതുഇടങ്ങൾ, തുടങ്ങിയവ ജനാധിപത്യവൽക്കരിക്കുന്നതിനും, ലിംഗ പദവി സൗഹൃദമാക്കുന്നതിനും, സുരക്ഷിതമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുക.
- കേരളത്തിൽ മാറിവരുന്ന ജനസംഖ്യ രൂപരേഖ **(Demographic profile)** കണക്കിലെടുത്ത് വയോജന സ്ത്രീ സംരക്ഷണം ഉറപ്പു വരുത്തുക;
- സമൂഹത്തിൽ ഇടപെടുന്ന ഒരു സമ്പൂർണ വ്യക്തി എന്ന നിലയിൽ സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യവും പ്രവർത്തന സ്വാതന്ത്ര്യവും സ്വാശ്രയത്വവും ഉറപ്പാക്കുക.

നയങ്ങളും കർമപരിപാടികളും വിഷയം തിരിച്ച്.

1. വിദ്യാഭ്യാസം:-

വ്യക്തികളെയും സമൂഹങ്ങളെയും രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസം

ഒരു പ്രധാന പങ്കു വഹിക്കുന്നു. കേരള സംസ്ഥാനം രൂപം കൊണ്ടതുമുതൽ മാറി വരുന്ന സർക്കാരുകൾ വിദ്യാഭ്യാസത്തിനു വളരെയധികം പ്രാധാന്യം നല്കിയതുവഴി മതപരവും സാമൂഹ്യപരവുമായ മേഖലകളിലെ ദുരാചാരങ്ങളിൽ നിന്നും, അശാസ്ത്രീയ ചിന്താഗതികളുടെ ചട്ടക്കൂടുകളിൽ നിന്നും പുറത്തു വരുന്നതിനുള്ള സാമൂഹ്യ അന്തരീക്ഷം കേരള ജനതയ്ക്ക് ഉണ്ടായിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെയും നവ ലിബറൽ നയങ്ങളുടെയും ഭാഗമായുണ്ടാകുന്ന വെല്ലുവിളികൾ നേരിടുന്നതിനും ശാസ്ത്രീയ സാങ്കേതിക വിദ്യയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് വിധേയമായി മുന്നോട്ട് പോകുന്നതിനും ആധുനിക വിദ്യാഭ്യാസത്തിലൂടെ ഭാവി തലമുറയെ സജ്ജരാക്കേണ്ടതുണ്ട്. കൂടാതെ ഭരണഘടന വ്യവസ്ഥ ചെയ്യുന്ന മതനിരപേക്ഷതയും ശാസ്ത്രബോധവും ഫെഡറലിസവും പ്രതിഫലിപ്പിക്കുന്ന ഘടനാപരമായ ഉള്ളടക്കം വിദ്യാഭ്യാസത്തിന് അത്യന്താപേക്ഷിതമാണ്. അതിനോടൊപ്പം, ഏറ്റവും പുതിയ കണ്ടുപിടുത്തങ്ങളും സിദ്ധാന്തങ്ങളും കൊണ്ട് ചലനാത്മകമായ വൈജ്ഞാനിക മണ്ഡലത്തെ വിദ്യാഭ്യാസ പ്രക്രിയയിലൂടെ മുന്നോട്ട് വെച്ചാൽ മാത്രമേ അശാസ്ത്രീയവും അയുക്തവുമായ ലോക ബോധത്തേയും ഉച്ചനീചത്വങ്ങളേയും ഇല്ലാതാക്കാൻ സാധിക്കൂ. അതുകൊണ്ടു തന്നെ ലിംഗപദവി സമത്വം ഉറപ്പു വരുത്തുന്നതിന് ഏറ്റവും അനുയോജ്യമായ ഉപകരണമാണ് വിദ്യാഭ്യാസം. കേരളത്തിലെ നിലവിലുള്ള സാമൂഹിക യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞും ന്യൂനതകൾ പരിഹരിച്ചും, പഠിതാവ് സ്വായത്തമാക്കേണ്ട ലിംഗ സമത്വത്തിലധിഷ്ഠിതമായ ഭാവി സമൂഹത്തെ വിഭാവനം ചെയ്യും ആവണം, ഏതൊരു പുതിയ പാഠ്യപദ്ധതിയിലേയും പഠന ബോധന പ്രക്രിയകൾ. കൂടാതെ പഠന അന്തരീക്ഷം, സ്കൂൾ/ കോളേജ് ക്യാമ്പസുകൾ, ഹോസ്റ്റലുകൾ, ഇരിപ്പിടങ്ങൾ, എന്നിവയും സ്ത്രീ സൗഹൃദമാവേണ്ടതുണ്ട്.

കേരളത്തിലെ സ്ത്രീ സാക്ഷരത 95.2 % ആണ്. ഈ ഉയർന്ന സാക്ഷരതാനിരക്ക് അഭിനന്ദിക്കപ്പെടാറുണ്ട്. എന്നാൽ തീരദേശം ആദിവാസി തുടങ്ങിയ ജനവിഭാഗങ്ങളുടെ ഇടയിൽ സ്ത്രീ സാക്ഷരത കേരള ശരാശരിയേക്കാൾ കുറവാണ്. സെക്കന്ററി, ഹയർ സെക്കന്ററി, ബിരുദം, ബിരുദാനന്തര ബിരുദം, ബി.എഡ്, ടി.ടി.സി, പ്രൊഫഷണൽ വിദ്യാഭ്യാസം തുടങ്ങിയ കോഴ്സുകളിൽ എല്ലാം തന്നെ പെൺകുട്ടികളുടെ പങ്കാളിത്തം വളരെ കൂടുതൽ ആണ്. എന്നാൽ STEM വിഷയങ്ങളിൽ (Science, Technology, Engineering & Mathematics) സ്ത്രീ സാന്നിധ്യം കുറവായി കാണുന്നു. പ്രസ്തുത മേഖലകളിൽ ഇനിയും ഏറെ നേട്ടങ്ങൾ കൈവരിക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ പുരോഗതി കൈവരിക്കുവൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അതുവഴി ആനുപാതികമായ തൊഴിൽ പങ്കാളിത്തത്തിലേയ്ക്കോ, സാമ്പത്തിക സ്വാശ്രയത്വത്തിലേയ്ക്കോ,

ലിംഗപദവി തുല്യതയിലേയ്ക്കോ വേണ്ട രീതിയിൽ എത്തിച്ചേരുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത നിലനിൽക്കുന്നു.

പാഠ്യപദ്ധതിയിൽ ലിംഗസമത്വം സംബന്ധിച്ച് ആശയങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പഠനാന്തരീക്ഷം ഇനിയും സ്ത്രീ സൗഹൃദപരമാകേണ്ടതുണ്ട്.

<u>നയങ്ങളും കർമ്മ പരിപാടികളും</u>

1.1 കേരളത്തിലെ എല്ലാ മേഖലയിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജൻഡർ പ്രോട്ടോക്കോൾ കൊണ്ടുവരുന്നതിന്റെ സാധ്യത പരിശോധിക്കും.

1.2 ലിംഗ പദവി തുല്യതയെ സംബന്ധിച്ച ധാരണകൾ കുട്ടികളിലും അധ്യാപകരിലും സൃഷ്ടിക്കാനുതകുന്ന ജൻഡർ പഠനം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കും.

1.3 സ്കൂളുകളിലും കോളേജുകളിലുമുള്ള പഠനാന്തരീക്ഷം ജൻഡർ സൗഹൃദപരമാക്കും. ഇതിനായി അധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകും.

1.4 സ്ത്രീകൾക്ക് സാമ്പത്തിക സ്വാശ്രയത്വം ആർജ്ജിക്കുവാൻ കഴിയുന്ന തരത്തിൽ പാഠ്യപദ്ധതിയുടെ ഉള്ളടക്കം പുനരാവിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തും.

1.5 ഭാഷ/മാനവിക/ശാസ്ത്ര/ചരിത്ര വിഷയങ്ങൾ തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യം നേടിയ സ്ത്രീകളുടെ ജീവചരിത്രവും സംഭാവനകളും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തും.

1.6 തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലകളിലേയ്ക്ക് പെൺകുട്ടികളെ ആകർഷിക്കുവാൻ ആവശ്യമായ പശ്ചാത്തല സംവിധാനങ്ങൾ സ്കൂളുകളിൽ തന്നെ ഏർപ്പെടുത്താനാവശ്യമായ നടപടികൾ വിപുലീകരിക്കും.

1.7 തൊഴിൽ മേഖലകളിൽ പെൺകുട്ടികൾക്ക് തുല്യ അവസരം ഉറപ്പാക്കുന്നതിനും എല്ലാ തൊഴിൽ മേഖലകളിലേയ്ക്കും ആകർഷിക്കുന്നതിനുമായി വൊക്കേഷണൽ ട്രെയിനിംഗ് വൈവിധ്യവൽക്കരിക്കും.

1.8 സ്കൂളുകൾ കേന്ദ്രീകരിച്ച് വൊക്കേഷണൽ ഗൈഡൻസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കും.

1.9 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള പെൺകുട്ടികളുടെ

കൊഴിഞ്ഞുപോക്ക് സംഭവിക്കുന്ന ആദിവാസി/തീരദേശമേഖലകളിൽ, ആയതിന്റെ കാരണം കണ്ടെത്തി പരിഹരിക്കും.

1.10 ആദിവാസി വിദ്യാർത്ഥിനികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള ഉന്നതവിദ്യാഭ്യാസ മേഖല തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കും.

1.11 കൗമാരക്കാരുടെ ശാരീരിക-മാനസികാരോഗ്യം മുൻനിർത്തി, പെൺകുട്ടികൾക്ക് സൈക്കിളിംഗ്, മറ്റ് കായിക പരിശീലനങ്ങൾ, സ്വയം പ്രതിരോധ പരിശീലനങ്ങൾ എന്നിവയിൽ ഊന്നൽ നൽകുന്ന കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.

1.12 വിദ്യാർത്ഥികൾക്ക് അവരുടെ കായിക കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദികൾ സൃഷ്ടിക്കും. കായിക വാസനയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലനം, ധനസഹായം (Fellowship) തുടങ്ങിയവ നൽകിക്കൊണ്ട് കായിക മേഖലകളിലും സാംസ്ക്കാരിക മേഖലകളിലും അവരുടെ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കും.

1.13 ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ലിംഗപദവി ബോധം (Gender Awareness) സംബന്ധിച്ച ധാരണ സൃഷ്ടിക്കാൻ എല്ലാ സ്കൂളുകളിലും ജൻഡർ ക്ലബുകൾ സ്ഥാപിക്കുകയും, ക്ലാസ്സുകൾ, സംവാദങ്ങൾ, പ്രദർശനങ്ങൾ, മറ്റു പഠന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ വിപുലീകരിക്കുകയും ചെയ്യും.

1.14 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന പരാതി പരിഹാര സെല്ലുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കും. എല്ലാ പഠന വകുപ്പുകളിലും അധ്യാപക/അനധ്യാപകരുടെ നേതൃത്വത്തിലുള്ള പരാതി പരിഹാര സെല്ലുകൾ പ്രാവർത്തികമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

1.15 വിദ്യാർത്ഥികളുടെ ഗ്രാൻഡ്, സാമ്പത്തിക സഹായം എന്നിവ സമയബന്ധിതമായി നൽകുന്നതിനുള്ള പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കും.

1.16 തുടർ വിദ്യാഭ്യാസ പരിപാടികൾ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക സാംസ്ക്കാരിക വളർച്ചയ്ക്ക് ഉതകും വിധം നടപ്പാക്കും.

1.17 കൌമാരക്കാരുടെ ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുവാനും, അവരിലെ മാനസിക സംഘർഷം ലഘുകരിച്ചുകൊണ്ട്, മാനസികാരോഗ്യം സംരക്ഷിക്കുവാനും, ആത്മവിശ്വാസം വളർത്തുവാനുമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

1.18 School / College കളിൽ പെൺകുട്ടികൾക്കായി g y m സൗകര്യം ഒരുക്കുന്നതിനുള്ള സാധ്യത പരിശോധിക്കും.

1.19 വിദ്യാഭ്യാസസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ/സർക്കാരിതര/ ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുകയും സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

1 . 2 0 . അങ്കണവാടി-സ്കൂൾ തലം മുതൽ U.G, P.G തലം വരെയുള്ള സിലബസ് gender ഓഡിറ്റ് ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിക്കും.

1.21. സ്ത്രീ പഠനത്തിന്റെ ഗവേഷണ സാധ്യതകൾ വർധിപ്പിക്കും.

1.22. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥിനികൾക്ക് വേണ്ടി വിദ്യാഭ്യാസ സ്ഥാപനത്തിനോടനുബന്ധിച്ച് ക്രഷ്, ശിശു പരിപാലന കേന്ദ്രം, മുലയൂട്ടൽ കേന്ദ്രം എന്നിവ സജ്ജമാക്കും.

2. <u>ആരോഗ്യം</u>

ഇന്ത്യയിലെ ഏറ്റവും ഉയർന്ന സ്ത്രീപുരുഷാനുപാതമാണ് കേരളത്തിന്റേത് (1000 പുരുഷന്മാർ - 1084 സ്ത്രീകൾ). സ്ത്രീ പുരുഷാനുപാതത്തിൽ ഇന്ത്യൻ ശരാശരിയാകട്ടെ 1000 പുരുഷന്മാർ - 940 സ്ത്രീകൾ എന്നതാണ്. കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട ആരോഗ്യനില ചൂണ്ടിക്കാട്ടുന്നതിനായി പല സൂചകങ്ങൾ ഉപയോഗിക്കാറുണ്ട്. കേരളത്തിലെ സ്ത്രീയുടെ ശരാശരി ആയുർദൈർഘ്യം (78 വയസ്സ്) ഇന്ത്യൻ ശരാശരിയേക്കാൾ (71.4) വളരെ ഉയർന്നതാണ്. ഇന്ത്യയിലെ ശിശുമരണ നിരക്ക് ആയിരം കുഞ്ഞുങ്ങൾക്ക് 58 എന്നാണെങ്കിൽ കേരളത്തിലേത് ആയിരം കുഞ്ഞുങ്ങൾക്ക് 4.4 എന്നതാണ്. 2019-20 ദേശീയ കുടുംബാരോഗ്യ സർവ്വെ പ്രകാരം കേരളത്തിൽ ഏതാണ്ട് എല്ലാ പ്രസവങ്ങളും (9 9 . 8 % ) ആശുപത്രികളിലാണ് നടക്കുന്നത്. കേരളത്തിലെ പൊതുബോധത്തിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയാണ് ആരോഗ്യ രംഗത്ത് കേരളം ഉയർന്നു നിൽക്കാൻ കാരണമായി വിദഗ്ധർ പറയുന്നത്.

ഇത്തരത്തിലുള്ള ഗുണപരമായ മാറ്റങ്ങൾ ഉള്ളപ്പോഴും സ്ത്രീകളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്ന പരിശോധനാ മുറി, കൂട്ടിരുപ്പുകാരുടെ സൌകര്യങ്ങൾ, വനിതാ ജീവനക്കാരുടെ വിശ്രമ മുറി എന്നിവയുടെ എണ്ണം ആനുപാതികമായി ഉയർത്തേണ്ടതുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും മാനസികാരോഗ്യത്തിൽ കുറവ് വരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അതുപോലെ തന്നെ

കൗമാരപ്രായത്തിലെ കുട്ടികളിൽ ആത്മഹത്യ പ്രവണത വർധിച്ചു വരുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. സ്ത്രീകളുടേയും കുട്ടികളുടെയും മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനും, കൗമാരപ്രായത്തിലെ കുട്ടികളിലെ ആത്മഹത്യ പ്രവണത തടയുന്നതിനുമായി, ഈ മേഖലയിലെ വിദഗ്ധരുടെ സേവനം ഉറപ്പാക്കി ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

സാംക്രമിക രോഗങ്ങളിൽ കുറവ് കാണുമ്പോഴും ജീവിതശൈലീ രോഗങ്ങളും സ്തനാർബുദം ഗർഭാശയഗള കാൻസർ എന്നിവയും വർദ്ധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽതന്നെ സ്ത്രീകളിലെ ക്യാൻസർ സാധ്യതകൾ കണ്ടെത്തി, ആയത് തടയുവാൻ ഫലപ്രദമായ ഇടപെടൽ നടത്തേണ്ടതുണ്ട്.

പുതിയ തരം തൊഴിലുകളിൽ സ്ത്രീകൾ ഏർപ്പെടുമ്പോൾ, അവർക്കുണ്ടാവുന്ന തൊഴിൽ ജന്യ രോഗങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ കുറവായത് കൊണ്ട് പരിഹാരം കാണുവാൻ കഴിയുന്നില്ല എന്നതും ന്യൂനതയാണ്. ഈ മേഖലയിൽ കൂടുതൽ ഊന്നൽ നൽകി ഗവേഷണ സാധ്യതകൾ പരിശോധിക്കേണ്ടതുണ്ട്.

കേരളത്തിൽ വന്ധ്യതനിരക്ക് വർദ്ധിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. സർക്കാർ ആശുപത്രികളിൽ വന്ധ്യതാ ക്ലിനിക്കുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും "സ്റ്റാൻഡേർഡ് ഓഫ് എത്തിക്കൽ ആന്റ് സൈൻഡിഫിക്ക് പ്രാക്ടീസസ് പ്രോട്ടോകോൾ" രൂപീകരിക്കാവുന്നതുമാണ്.

ആരോഗ്യ-വിദ്യാഭ്യാസത്തിലധിഷ്ഠിതമായ പുസ്തകങ്ങളിലും, മെഡിക്കൽ പാഠപുസ്തകങ്ങളിലും ജെൻഡർ ഓഡിറ്റ് നടത്തി, ആയതിന്റെ അടിസ്ഥാനത്തിൽ കരിക്കുലത്തിൽ ആവശ്യനുസരണം മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

<u>നയങ്ങളും കർമ പരിപാടികളും</u>

2.1 സബ് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികൾ സ്ത്രീ സൗഹൃദപരമായി പ്രവർത്തിക്കുന്നതിനുള്ള ഭൗതിക സാഹചര്യം വർദ്ധിപ്പിക്കും.

2 . 2 . സ്ത്രീ രോഗികൾ, സ്ത്രീകളായ കൂട്ടിരിപ്പുകാർ, കുട്ടികൾ

എന്നിവർക്കാവശ്യമായ സ്വകാര്യത ഉറപ്പ് വരുത്തുന്നതും, വൃത്തിയുള്ളതുമായ പരിശോധന മുറി, വിശ്രമസ്ഥലം, ശുചി മുറികൾ, ടെലഫോൺ സൗകര്യം എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. കുട്ടികളും വൃദ്ധകളുമായ രോഗികൾക്ക് അനുയോജ്യമായ സൌകര്യങ്ങൾ വർദ്ധിപ്പിക്കും.

2.3. ആശുപത്രികളിലെ സ്ത്രീ ജീവനക്കാർക്ക് ആവശ്യമായ വിശ്രമമുറി, മറ്റ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ വർദ്ധിപ്പിക്കും.

2.4 സ്ത്രീകളുടെ ശാരീരിക/മാനസിക ആരോഗ്യം, പ്രജനന ആരോഗ്യം എന്നിവ മെച്ചപ്പെടുത്തുവാനുള്ള സംവിധാനം സംസ്ഥാനവ്യാപകമായി ശക്തിപ്പെടുത്തും. ആയതിന്റെ ഭാഗമായി ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി വ്യാപക പ്രചാരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

2.5. പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ആദിവാസി, തീരദേശ മേഖലകളിലെ സ്ത്രീകൾക്ക് ആർത്തവവുമായും മറ്റു പ്രത്യുൽപ്പാദന ആരോഗ്യ പ്രശ്നങ്ങളുമായും ബന്ധപ്പെട്ട ആരോഗ്യ ശീലങ്ങൾക്കു മുൻഗണന നൽകിക്കൊണ്ടുള്ള ആരോഗ്യ വിദ്യാഭ്യാസം നൽകുന്നത് ഊർജിതപ്പെടുത്തും.

2 . 6 . സ്ത്രീകളുടേയും പെൺകുട്ടികളുടേയും മാനസികാരോഗ്യം സംബന്ധിച്ച് വിശകലനം നടത്തി, മെച്ചപ്പെട്ട മാനസികാരോഗ്യം കൈവരിക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും.

2.7. കേരളത്തിലെ മാനസികാരോഗ്യ നയം ജെൻഡർ ഓഡിറ്റ് നടത്തി പുതുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ കർമപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യും.

2.8. ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ കൗൺസിലിംഗ് സെൻററുകൾ സ്ഥാപിച്ച് സമൂഹത്തിൻറെ വിവിധ മേഖലകളിൽ ഉൾപ്പെടുന്ന സ്ത്രീകളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ കേൾക്കാനും പരിഹരിക്കാനുമുള്ള സംവിധാനങ്ങൾ സജ്ജീകരിക്കും.

2.9. കുട്ടികളിലും സ്ത്രീകളിലും കണ്ടുവരുന്ന വിഷാദ രോഗം, ആത്മഹത്യാ പ്രവണത ഇവയെക്കുറിച്ച് അപഗ്രഥനം നടത്തി, മാധ്യമങ്ങളിലൂടെ അവബോധ ക്യാമ്പയിനുകൾ നൽകി പരിഹരിക്കാനുള്ള സാധ്യതകൾ പരിശോധിക്കും.

2.10. സ്ഥിരമായ ആരോഗ്യ പരിശോധനകൾക്കൊപ്പം സ്ത്രീകളിൽ വ്യാപകമായി കണ്ടുവരുന്ന സ്തനാർബുധം, ഗർഭാശയ ഗളാർബുദം എന്നിവ പ്രാംരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്താനുള്ള പ്രാഥമിക സ്ക്രീനിംഗിന്റെ ഭാഗമായി മാമോഗ്രാം, പാപ്സ്മിയർ എന്നീ പരിശോധനകൾ നടത്തുവാനുള്ള സംവിധാനങ്ങൾ വ്യാപകമാക്കും.

2.11. മെഡിക്കൽ കരിക്കുലം "ജെൻഡർ റസ്പോൺസീവ് ആന്റ് ജെൻഡർ

സെൻസിറ്റീവ് " ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

2.12. വന്ധ്യതയുടെ അനന്തരഫലങ്ങളെക്കുറിച്ചും, അവ സ്ത്രീകളെ എങ്ങനെ ബാധിക്കുന്നു എന്നതിക്കുറിച്ചും വിശകലനം ചെയ്യുകയും, ഈ വിഷയത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനൊപ്പം നിലവിലുള്ള ഐ.വി.എഫ് പോലുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ സർക്കാർ ആശുപത്രികളെ സജ്ജമാക്കുകയും, പ്രത്യുൽപാദന ആരോഗ്യവും അവകാശങ്ങളും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

2.13. സ്ത്രീകളിലെ ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഓപ്പൺ ജിം സംവിധാനം, വ്യായാമം ചെയ്യുവാനുള്ള പൊതുയിടങ്ങൾ എന്നിവ പ്രാദേശിക തലത്തിൽ ഏർപ്പെടുത്താനുള്ള സാധ്യതകൾ പരിശോധിക്കും

2.14. അതിജീവിതകളെ സഹായിക്കുന്ന തരത്തിൽ നിലവിലുള്ള മെഡിക്കോ-ലീഗൽ പ്രോട്ടോക്കോൾ ശക്തമായി നടപ്പിലാക്കും.

2.15. തൊഴിൽ ജന്യ രോഗങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തി അവ തടയാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായുള്ള സാധ്യതകൾ പരിശോധിക്കും.

## 3.തൊഴിൽ

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കേരളത്തിൽ പൊതുവേ കുറവാണെങ്കിലും ഈ രംഗത്ത് ഗണ്യമായ മാറ്റം പ്രകടമാണ്. 2001 സെൻസസ് റിപ്പോർട്ടിൽ 15.4% ഉണ്ടായിരുന്നത് 2024 ആകുമ്പോഴേക്കും 36.41% (Economic Review - 2024) ആയി വർധിച്ചിട്ടുണ്ട്. ദേശീയ ശരാശരി പോലുമില്ല എന്നു ചർച്ച ചെയ്തിരുന്ന കേരളത്തിലെ തൊഴിൽ പങ്കാളിത്തം ദേശീയ ശരാശരിക്കൊപ്പം എത്തുന്ന തരത്തിലുള്ള മാറ്റം നമുക്ക് 2020 ൽ കാണാൻ കഴിഞ്ഞു. മഹാമാരിയുടെ പ്രഭാവം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വീണ്ടും കുറയുവാൻ കാരണമായി. ഏതു സമയവും പിരിച്ചു വിടാവുന്ന തരത്തിലുള്ളതും, വേതനം ഏറ്റവും കുറഞ്ഞതുമായ താൽകാലിക തൊഴിലുകളിലാണ് സ്ത്രീകൾ കൂടുതലായും ഏർപ്പെട്ടിരിക്കുന്നത്. സ്ത്രീകൾക്കും "തൊഴിൽ അവകാശമാണ്" എന്ന രീതിയിൽ ഉള്ള കാഴ്ചപ്പാട് ഇനിയും വരേണ്ടതുണ്ട്. അസംഘടിത മേഖലയിൽ ഭൂരിഭാഗവും സ്ത്രീകളാണ് തൊഴിലെടുക്കുന്നത് എന്നത് മാത്രമല്ല, സംഘടിത മേഖലയിലേക്ക് അസംഘടിത മേഖല കടന്നു വരുന്ന രീതിയും നമുക്ക് കാണാൻ കഴിയും. ആഗോള സാമ്പത്തിക നയങ്ങളും, സാമ്പത്തിക മാന്ദ്യവും കൂടുതലായി ബാധിച്ചിരിക്കുന്നത് സ്ത്രീകളെയാണ്.

കേരളത്തെ സംബന്ധിച്ചു "വിദ്യാസമ്പന്നരുടെ ഇടയിലെ തൊഴിലില്ലായ്മ "ഇപ്പോഴും തുടരുന്നുണ്ട്. കേരളത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസ നിരക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ ആണെങ്കിലും തൊഴിൽ പങ്കാളിത്തത്തിൽ അത് വേണ്ടത്ര പ്രതിഫലിക്കുന്നില്ല. കൂടാതെ വിദ്യാഭ്യാസത്തിന് ആനുപാതികമായ അർഹതയുള്ള ജോലിയിൽ സ്ത്രീകൾ പലപ്പോഴും എത്തിച്ചേരുന്നില്ല എന്നതും ആശങ്കയുളവാക്കുന്നതാണ്. എങ്കിലും താൽപ്പര്യമുള്ളവർക്ക് ഏതു തരം ജോലിയുമെടുത്തു ജീവിക്കുവാനുള്ള കഴിവും സാഹചര്യവും കേരളത്തിൽ നിലവിലുണ്ട് എന്നത് ആശ്വാസകരമാണ്. വൈവിധ്യമായ രീതിയിൽ സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകി വരുന്നതിനാൽ അഭിരുചിക്കനുസരിച്ചുള്ള തൊഴിലുകളിൽ ഏർപ്പെടുത്താൻ ഇത് സഹായിക്കുന്നുണ്ട്. എങ്കിലും തുച്ഛമായ വേതനം മാത്രം ലഭിക്കുന്ന പല തൊഴിൽ മേഖലകളും നിലനിൽക്കുന്നു എന്നതും, പലയിടത്തും തൊഴിൽ സുരക്ഷാസംവിധാനങ്ങൾ ലഭ്യമല്ല എന്നതും ന്യൂനതകൾ തന്നെയാണ്. നിലവിലുള്ള തൊഴിലവകാശ നിയമങ്ങൾ പോലും ബാധകമല്ലാത്ത രീതിയിലുള്ള ചൂഷണം ഈ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾ നേരിടുന്നുണ്ട്. പ്രത്യേകിച്ചും ഭിന്നശേഷിക്കാരായ സ്ത്രീ തൊഴിലാളികളുടെയും, ഭിന്നശേഷിക്കാരായ കുട്ടികളുള്ള അമ്മമാരുടെയും തൊഴിൽ സ്ഥലത്തെ സമയ ക്രമം, സ്ഥലം മാറ്റം എന്നിവ അനുയോജ്യമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. നൈപുണ്യ പരിശീലനം എന്നതൊക്കെ അവർക്ക് അപ്രാപ്യമാണ്. അതുപോലെ തന്നെ, ഗാർഹിക തൊഴിലാളികളുടെ പ്രശ്നങ്ങളും ചെറുതല്ല. ഇത്തരത്തിലുള്ള ചെറുതും വലുതുമായ പ്രശ്നങ്ങൾ പലതും തൊഴിൽ രംഗത്തിൽ ഇടപെടലുകൾ ആവശ്യപ്പെടുന്നവയാണ്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) ആക്ട് 2013 (POSH ACT 2013) ബാധകമായ എല്ലാ തൊഴിലിടങ്ങളിലും ശക്തമായി നടപ്പിലാക്കേണ്ടതുണ്ട്. പ്രസ്തുത നിയമം നിലവിൽ വന്നു വർഷമേറെ കഴിഞ്ഞിട്ടും, ഇന്നും പല മാധ്യമ രംഗങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ ഇല്ല എന്നത് ഒരു വസ്തുതയാണ്. തൊഴിൽ രംഗത്തെ പീഡനങ്ങൾ ഏറെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും, മാധ്യമ രംഗം മാറ്റങ്ങളില്ലാതെ തുടരുന്നു. ആയതിന്റെ ഭാഗമായി സിനിമ/സീരിയൽ/മാധ്യമ മേഖലകളിൽ ഹേമാകമ്മറ്റി ശുപാർശ പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും തൊഴിൽ മേഖല സ്ത്രീ സൗഹൃദപരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## നയങ്ങളും കർമ്മ പരിപാടികളും

3.1 കേരളത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരത്തെ അപേക്ഷിച്ച്

അവരുടെ തൊഴിൽപങ്കാളിത്തം കുറവാണ്. ദേശീയ-സംസ്ഥാന-പ്രാദേശികതല സ്ഥിതിവിവര കണക്കുകൾ ഒക്കെ പൊതുവായി കുറഞ്ഞ തൊഴിൽ പ്രാതിനിധ്യത്തെ സൂചിപ്പിക്കുമ്പോഴും, ഈ സൂചനകൾക്കു ഒരു പൊതു സ്വഭാവം ഇല്ല എന്നത് ഒരു അപാകതയാണ്. സ്ത്രീകളുടെതായ വികസന പദ്ധതി രൂപപ്പെടുത്തുവാൻ ഇത് വിഘാതമായി നിൽക്കുന്നു. നിലവിലുള്ള സ്ഥിതിവിവര കണക്കുകളെ ഏകോപിപ്പിച്ചു ഒരു പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുകയും, ആയത് പൊതുസമൂഹത്തിനും ഗവേഷകർക്കും പ്രാപ്യമാക്കുകയും ചെയ്യും.

3.2 സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർധിപ്പിക്കാനുള്ള സംവിധാനങ്ങൾ നൈപുണ്യ വികസനത്തിലൂടെ സാധ്യമാക്കും.

3.3 വൈജ്ഞാനിക സമൂഹം കെട്ടിപ്പടുക്കുന്നതിൻറെ ഭാഗമായി പുത്തൻ സാങ്കേതിക വിദ്യയിൽ സ്ത്രീകൾക്ക് വൈദഗ്ദ്യം ഉറപ്പാക്കാൻ നൂതന പരിപാടികൾ ആവിഷ്കരിക്കും.

3.4 തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് സ്കില്ലിംഗ്, റി-സ്കില്ലിംഗ്, അപ്സ്കില്ലിംഗ്, ക്രോസ് സ്കില്ലിംഗ് എന്നിവ വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തും. ഇതിലൂടെ, കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്കും നാളിതുവരെ തൊഴിൽ രംഗത്ത് കടന്നുവരാത്ത സ്ത്രീകൾക്കും തൊഴിൽ ലഭിക്കുന്നതിനുള്ള അവസരങ്ങൾ സംജാതമാകും.

3.5 ഉല്പാദന രംഗത്ത് ആധുനിക കൃഷി രീതികളിൽ പരിശീലനം കൊടുത്തു പ്രോത്സാഹിപ്പിക്കും.

3.6 സ്ത്രീകൾ അപൂർവ്വമായി മാത്രം കടന്നു വന്നിട്ടുള്ള തൊഴിൽ മേഖലകൾ, ഇതുവരെ സ്ത്രീകൾ എത്തിപ്പെടാത്ത തൊഴിൽ മേഖലകൾ എന്നിവിടങ്ങളിൽ നിശ്ചിത ശതമാനം മുൻഗണന നൽകി സ്ത്രീകളുടെ നിയമനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും.

3.7 തോട്ടം മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നം വിശകലനം നടത്തി തുടർ നടപടി സ്വീകരിക്കും.

3.8 പരമ്പരാഗത തൊഴിൽ രംഗത്തെ പ്രശ്നങ്ങൾ വിശകലനം നടത്തി തുടർ നടപടി സ്വീകരിക്കും.

3.9 തുല്യ ജോലിക്ക് തുല്യ വേതനം എന്നത് നടപ്പിലാക്കുന്നതിനുള്ള വിഘാതങ്ങൾ പരിശോധിക്കും.

3.10 കുടുംബങ്ങളേയും സമ്പദ് വ്യവസ്ഥയേയും നിലനിർത്തുന്ന തരത്തിൽ ശമ്പളമില്ലാതെയും അംഗീകരിക്കപ്പെടാതെയും ശ്രദ്ധിക്കപ്പെടാതെയും വീടിനകത്തും പുറത്തുമായി സ്ത്രീകൾ ചെയ്യുന്ന ജോലികളുടെ മൂല്യം ആളോഹരി വരുമാനത്തിലോ മറ്റ് ദേശീയ കണക്കുകളിലോ

പ്രതിഫലിക്കുന്നില്ല. അത്തരത്തിൽ സ്ത്രീകൾ ചെയ്യുന്ന എല്ലാ ജോലികളും സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച്, ആയത് എങ്ങനെയാണ് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ വിഘാതം സൃഷ്ടിക്കുന്നതെന്ന് പരിശോധിച്ച് ബദൽ നടപടികൾ സ്വീകരിക്കും.

**3.11** കളിമണ്ണ്, ഈറ്റ, തഴ എന്നിവ ഉപയോഗിച്ച് പരമ്പരാഗതമായി ഉൽപ്പന്നങ്ങൾ ഉണ്ടാക്കിയിരുന്ന സ്ത്രീകൾക്ക് വിദഗ്ധ പരിശീലനം നൽകിക്കൊണ്ട് ഈ മേഖലകളിൽ വൈവിധ്യവൽക്കരണത്തിനും ആധുനീകവൽക്കരണത്തിനും വേണ്ട സാധ്യതകൾ പ്രയോജനപ്പെടുത്തും.

**3.12** സീസണലായി ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സീസൺ അല്ലാത്ത കാലങ്ങളിൽ ചെയ്യാനാകുന്ന സംരംഭങ്ങൾക്കായി വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ വിപുലീകരിക്കും.

**3.13** സ്ത്രീകൾ ഇനിയും അംഗങ്ങളാകാത്ത ക്ഷേമനിധികളുമായി സ്ത്രീകളെ ബന്ധിപ്പിക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തും.

**3.14** തൊഴിലന്വേഷകർക്കായി വിദ്യാഭ്യാസ യോഗ്യത, വിദഗ്ദ്ധ പരിശീലനം, തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്ത്രീകളുടെ ഡാറ്റാ ബാങ്ക് നഗര സഭകളിലും പഞ്ചായത്തുകളിലും സജ്ജമാക്കും.

**3.15** ഇ-കമ്മ്യൂണിറ്റി, ഇ-പോർട്ടൽ എന്നിവയിലൂടെ സ്ത്രീ തൊഴിലാളികളുടെ സംരംഭങ്ങൾ വളർത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**3.16** പ്രാദേശികമായി വർക്ക് സ്റ്റേഷനുകൾ സ്ഥാപിച്ചു കൊണ്ട് സ്ത്രീകളെ ഉല്പാദന പ്രക്രീയയിലേക്ക് കൊണ്ടുവരും. സ്ത്രീകൾക്കനുകൂലമായി വർക്ക് സ്റ്റേഷനുകളെ പരിവർത്തിപ്പിക്കും.

**3.17** തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി **Work From Home, Work Near Home** എന്നിവയിലെ തൊഴിൽ സമയക്രമം സ്ത്രീകൾക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ ശക്തിപ്പെടുത്തും.

**3.18.** ക്രഷുകൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുമുള്ള പരിപാലന കേന്ദ്രങ്ങൾ എന്നിവ തൊഴിലിടങ്ങളുടെ സമീപത്ത് സജ്ജീകരിക്കാൻ നിയമപ്രകാരമുള്ള സാധ്യതകൾ പരിശോധിക്കും.

**3.19** പ്രവാസി സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനെ കുറിച്ച് വിശകലനം ചെയ്യും.

**3.20** അസംഘടിത മേഖല, പരമ്പരാഗത വ്യവസായ മേഖല, മത്സ്യതൊഴിലാളി മേഖല, സിനിമ/ടെലിവിഷൻ മേഖല, ദൃശ്യ-ശ്രവ്യ മാധ്യമ മേഖല എന്നിവയെ ക്കുറിച്ച് അപഗ്രഥനം നടത്തി ടി തൊഴിൽ മേഖലകൾ

കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുകയും, ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യും.

**3.21.** കേരളത്തിൽ വർദ്ധിച്ചു വരുന്ന വയോജനസംഖ്യ കണക്കിലെടുത്ത് **care givers** ആയി തൊഴിൽ എടുക്കുന്ന സ്ത്രീകൾക്ക് ടി മേഖലയിൽ സാങ്കേതിക വിദ്യയിൽ പരിശീലനം നൽക്കുന്നതിനുള്ള സാധ്യത പരിശോധിക്കും.

**3.22.** സ്ത്രീകളുടെ തൊഴിൽ സഹകരണ പ്രസ്ഥാനങ്ങൾ **(Women Co-operatives)**, സ്വയം സഹായ സംഘങ്ങൾ **(S H G )** എന്നിവ പ്രോത്സാഹിപ്പിക്കും.

**3.23.** തൊഴിലിടങ്ങളിൽ പരാതി പരിഹാര സെല്ലുകൾ ഇല്ലാത്തിടത്ത് അത് നടപ്പിലാക്കുവാനും, നിലവിലുള്ള പരാതി പരിഹാര സെല്ലുകളുടെ പോരായ്മകൾ പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

**3.24.** പൊതുബജറ്റിൽ **20%** ത്തിലധികം തുക ജൻഡർ ബഡ്ജറ്റിന് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പു വരുത്തുവാനുള്ള തടസ്സങ്ങൾ വിശകലനം ചെയ്ത് ഫലപ്രദമായ പരിഹാര നടപടികൾ സ്വീകരിക്കും.

**3.25.** ഹോം നഴ്സ്, ഗാർഹിക തൊഴിലാളികൾ എന്നിവരുടെ പ്രശ്നങ്ങൾ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കും.

**3.26** വഴിയോരകച്ചവടക്കാരായ സ്ത്രീ തൊഴിലാളികൾക്ക് വേണ്ട സുരക്ഷയും ഭേദപ്പെട്ട തൊഴിൽ സാഹചര്യങ്ങളും ഉറപ്പാക്കും.

**3.27** സ്ത്രീ തടവുകാർക്ക് തൊഴിൽ പരിശീലനം, തൊഴിൽ കൗൺസിലിംഗ്, ചികിത്സ എന്നിവയ്ക്ക് നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തും.

**3.28** ഭിന്നശേഷിക്കാരായ തൊഴിലാളികൾക്കും, ഭിന്നശേഷിക്കാരായ കുട്ടികളുള്ള അമ്മമാരായ തൊഴിലാളികൾക്കും, തൊഴിലിടങ്ങളിൽ സൌഹാർദ്ദപരമായ തൊഴിൽ അന്തരീക്ഷവും തൊഴിൽ സാഹചര്യങ്ങളും ഒരുക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

**3.29.** സ്ത്രീകളുടെ സംരഭകത്വം പരിപോഷിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പാക്കേജുകൾ നിലവിൽ കൊണ്ടുവരും.

**3.30.** ഗതാഗത സംവിധാനം ജെൻഡർ ഫ്രണ്ട്ലി ആണെന്നുള്ളത് ഉറപ്പ് വരുത്തും.

**3.31.** സ്ത്രീകൾ കൂടുതൽ ജോലി ചെയ്യുന്ന സംഘടിത/അസംഘടിത മേഖലകൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലിടങ്ങളിലും ജെൻഡർ ഓഡിറ്റിംഗ് നടപ്പാക്കുന്നതിനും, ജെൻഡർ ഓഡിറ്റ് നടത്തി **KSR** ലെ **Gender**

insensitive ആയ ഭാഗങ്ങൾ പരിശോധിക്കുകയും ഭേദഗതി വരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

**3.32.** അപകടകരമായ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ആരോഗ്യ ഇൻഷുറൻസ്, ഇ.എസ്.ഐ എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്നത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

**3.33** മെറ്റേണിറ്റി ബെനിഫിക്ട് ആക്ട് അനുശാസിക്കും പ്രകാരം തൊഴിലിടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിനും, ശിശുസൗഹൃദമാക്കുന്നതിനുമുള്ള നടപടികൾ കൂടുതൽ ശക്തിപ്പെടുത്തും.

**3.34** സംസ്ഥാനത്ത് ഒരു ക്രഷ് പോളിസി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും

**3.35** മാധ്യമരംഗത്ത്, മെറ്റേണിറ്റി ബനിഫിക്റ്റ് ആക്ട് നടപ്പിലാക്കുന്നതിനുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കും.

**3.36.** തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) ആക്ട് 2013 (POSH ACT 2013) ബാധകമായ എല്ലാ തൊഴിലിടങ്ങളിലും നടപ്പിലാക്കും. സിനിമ ഉൾപ്പെടെ ഉള്ള എല്ലാ മാധ്യമരംഗങ്ങളിലും, മാധ്യമ സ്ഥാപനങ്ങളിലും സ്ത്രീകളുടെ സുരക്ഷക്കായി, ഇന്റേണൽ കമ്മിറ്റീകൾ രൂപീകരിക്കുന്നു എന്നത് ഉറപ്പു വരുത്തും.

4. <u>സാംസ്കാരിക രംഗം</u>

ഒരു സമൂഹത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ മേഖലകൾ പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് സാംസ്കാരിക മേഖലയും. സാമ്പത്തിക മേഖലയും സാമൂഹ്യ വ്യവസ്ഥിതിയും സാംസ്കാരിക മേഖലയും പരസ്പര പൂരകങ്ങളാണ്. സംസ്കാരം, സമൂഹത്തെയും സാമൂഹ്യ ബന്ധങ്ങളെയും ജീവിത പരിസരങ്ങളെയും നിർണയിക്കുന്നതുപോലെ, നിലനിൽക്കുന്ന സംസ്കാരത്തെയും സാംസ്കാരിക മൂല്യങ്ങളെയും നിയന്ത്രിക്കുന്നത് സാമൂഹ്യ വ്യവസ്ഥിതിയാണ്. നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ മൂല്യങ്ങൾ, സാംസ്കാരിക പ്രതിനിധാനങ്ങളെ സ്വാധീനിക്കുമ്പോൾ പൊതുമണ്ഡലം മാത്രമല്ല, സ്വകാര്യ മണ്ഡലവും പരിവർത്തനം ചെയ്യപ്പെടുന്നുണ്ട്.

ലിംഗ പദവി എന്നതുതന്നെ, ഒരു സാംസ്കാരിക നിർമിതിയായത് കൊണ്ട്, സമൂഹത്തിന്റെ ലിംഗാവബോധത്തെയും, നിലനിൽക്കുന്ന ആണധികാരത്തിലധിഷ്ഠിതമായ പരമ്പരാഗത തൊഴിൽ വിഭജനങ്ങളെയും, മാനുഷിക ബന്ധങ്ങളെയും ഒക്കെ തന്നെ ലിംഗ പദവി

സ്വാധീനിക്കുന്നതായി കാണാം. ഇത്തരം സ്വാധീനങ്ങൾ സാംസ്കാരിക ബിംബങ്ങളെ മാത്രമല്ല, ആചാര-വിശ്വാസങ്ങളെയും ബോധനിലവാരത്തെയും രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്.

സാംസ്കാരിക കേരളം മറ്റേതു സമൂഹത്തെയും പോലെ വൈവിധ്യമുള്ളതാണ്. ഗതകാല സമരങ്ങളുടെയും പോരാട്ടങ്ങളുടെയും ഭാഗമായി സാംസ്കാരിക രംഗത്ത് നമ്മൾ ഏറെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും, ജാതി-മത സംഘടനകൾ മുന്നോട്ടു വെക്കുന്ന പരമ്പരാഗതമായ ചില ആശയങ്ങൾ സ്ത്രീകളുടെ സാമൂഹ്യ ദൗത്യത്തെ ഏറെ സങ്കീർണമാക്കുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യകളെപ്പോലും പരമ്പരാഗത മാമൂൽ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഉപാധിയാക്കുന്നുണ്ട്. സദാചാരം, വിശ്വാസം, കുടുംബ പാരമ്പര്യം എന്നിവയിൽ ഇടപെട്ട് സമൂഹ മനസ്സിലെ ആണധികാര ആശയങ്ങളെ ശക്തിപ്പെടുത്തുന്ന പ്രവണത കേരളത്തിന്റെ സാംസ്കാരിക രംഗത്ത് നിലനിൽക്കുന്നു.

കലാ സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയമായ സ്ത്രീസാന്നിധ്യം കേരളത്തിൽ നിലവിലുണ്ടെങ്കിലും, ഇത് മുഖ്യപ്രവർത്തന മേഖലയായി സ്വീകരിക്കുന്നതിന് ഇന്നും പരിമിതികളുണ്ട്. വിശേഷിച്ചു നാടകം, സിനിമ തുടങ്ങിയ മേഖലകളിലെ അണിയറ പ്രവർത്തകരിൽ സ്ത്രീ സാന്നിധ്യം കുറവാണെന്നത് പുരോഗമന കേരളത്തിൽ വിരോധാഭാസമാണ്. സ്ത്രീകൾ കൂടുതലായി മാധ്യമരംഗത്ത് ദൃശ്യരാകുമ്പോഴും, ഉയർന്ന സ്ഥാനങ്ങൾ പുരുഷൻമാർ അലങ്കരിക്കുന്ന സ്ഥിതി സ്ത്രീകൾക്ക് ഒരു വെല്ലുവിളിയാണ്. സീരിയലുകൾ, സിനിമകൾ, പരസ്യങ്ങൾ, കലണ്ടറുകൾ, എന്നിവയിലെല്ലാം സ്ത്രീകളെ വെറും ശരീരമായി കാണുന്ന പ്രവണത ഇന്നും നിലവിലുണ്ട്.

കലാകായിക രംഗങ്ങളിൽ സ്ത്രീകൾ ഉന്നത സ്ഥാനത്ത് പ്രവർത്തിക്കുമ്പോഴും അവരുടെ സംഭാവന പാടെ അവഗണിക്കപ്പെടുന്നതായി കാണാം. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, സ്ത്രീ വിരുദ്ധ ആചാരങ്ങളും ആഡംബര വിവാഹങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുവാൻ നവ മാധ്യമങ്ങളും, സൈബർ ഇടങ്ങളും മത്സരിക്കുകയാണ്. മാറുന്ന സാങ്കേതിക വിദ്യയുടെ അടയാളങ്ങളായ സാമൂഹ്യ മാധ്യമങ്ങളിലും സ്ത്രീവിരുദ്ധ നയങ്ങൾ പ്രചരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഒരിക്കൽ പടിക്കു പുറത്താക്കിയ ദുരാചാരങ്ങൾ ഇൻസ്റ്റഗ്രാം റീലുകളായും, യു-ട്യൂബ് വീഡിയോകളായും തിരിച്ചു വന്നുകൊണ്ടിരിക്കുന്നു. മന്ത്രവാദം പോലുള്ള ആഭിചാര

പ്രവർത്തനങ്ങളിൽ ഇരയാകുന്ന സ്ത്രീകളുടെ എണ്ണവും വർദ്ധിച്ചു വരുന്നു. വൈകാരികവും വിശ്വാസ/അന്ധവിശ്വാസ ജഡിലവുമാകുന്ന മനുഷ്യമനസ്സുകൾ ശാസ്ത്ര ബോധത്തിലും, യുക്തി ചിന്തയിലുമൂന്നി കാര്യങ്ങൾ ഗ്രഹിക്കുകയും, പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്.

## നയങ്ങളും കർമ്മപരിപാടികളും

4.1. സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഭരണസമിതിയിലും നിർബന്ധമായും സ്ത്രീകൾക്ക് പങ്കാളിത്തം ഉറപ്പാക്കും.

4.2. സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, സംഗീത നാടക അക്കാദമി പോലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങളിൽ സ്ത്രീകൾ ധാരാളമായി ഗവേഷണ പ്രവർത്തനങ്ങൾക്ക് വരുന്ന സാഹചര്യം പരിഗണിച്ച് അവരുടെ അക്കാദമിക പ്രവർത്തനവും കലാപ്രവർത്തനവും ഒരുമിച്ച് നടത്തുന്നതിനുള്ള സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും.

4.3. ഗ്രന്ഥശാലകൾ സ്ത്രീ വായന കൂട്ടങ്ങളെ പ്രോത്സാഹിപ്പിക്കുകയും, കുടുംബശ്രീ യൂണിറ്റുകളിൽ വായനശാല പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുകയും ചെയ്യുവാനുള്ള സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

4.4 പ്രാദേശിക തലം മുതൽ സാംസ്കാരിക രംഗത്ത് വേറിട്ട പാതയിൽ സഞ്ചരിച്ച സ്ത്രീ റോൾ മോഡലുകളെ സ്കൂൾ കലാലയങ്ങളിൽ അവതരിപ്പിക്കുകയും ചർച്ചചെയ്യുകയും ചെയ്യും.

4.5. ചരിത്രത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ചിരുന്ന സ്ത്രീകളെ കണ്ടെത്താനും രേഖപ്പെടുത്താനുമുള്ള സംവിധാനം സൃഷ്ടിക്കും. അത് വെബ്സൈറ്റിൽ ലഭ്യമാക്കുവാനുള്ള സംവിധാനങ്ങൾ ഒരുക്കും.

4.6. കലാസാംസ്കാരിക രംഗത്ത് തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് പ്രത്യേക പിന്തുണ സംവിധാനങ്ങൾ സജ്ജീകരിക്കും.

4.7. കേരളത്തിലെ സ്ത്രീകളുടെ ഒരു സമ്പൂർണ്ണ സാമൂഹ്യ ചരിത്രം ഉണ്ടാക്കുവാനുള്ള തുടക്കം കുറിക്കും. അതുവഴി ചരിത്രത്തിൽ സ്ത്രീകളുടെ സാന്നിധ്യം ദൃശ്യവൽക്കരിക്കും.

4.8. പ്രസിദ്ധീകരണ സ്ഥാപനങ്ങളോടും മാധ്യമ സ്ഥാപനങ്ങളോടും ജെൻഡർ സ്റ്റൈൽ ബുക്ക് ഉണ്ടാക്കാനുള്ള നിർദ്ദേശം നൽകും.

4.9. രാഷ്ട്രീയ/സാംസ്ക്കാരിക/സാമൂഹിക രംഗത്ത് വ്യക്തിമുദ്രകൾ പതിപ്പിച്ച സ്ത്രീകളെ സ്മരിക്കുന്ന രീതിയിൽ കൂടുതൽ പരിപാടികൾ

സംഘടിപ്പിക്കും.

4.10. കേരളത്തിലെ ഔദ്യോഗിക ഭാഷാ പ്രയോഗങ്ങളിൽ ഇനിയും മാറ്റം ഉണ്ടാകേണ്ടതുണ്ട്. ഔദ്യോഗിക ഭാഷകളിലും മറ്റും സ്ത്രീസൗഹൃദ ഭാഷാ മാറ്റ പ്രയോഗങ്ങൾ ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കും.

4.11. സിനിമ രംഗത്തടക്കമുള്ള മേഖലകളിൽ സ്ത്രീകൾ ഇന്ന് വിവേചനങ്ങൾ നേരിടുന്നുണ്ട്. ഇത്തരത്തിൽ ഉണ്ടാവുന്ന വിവേചനങ്ങൾ തടയാനുള്ള നിയമ നിർമ്മാണ സാധ്യതകൾ പരിശോധിക്കും.

4.12. കലാ-സാംസ്കാരിക–ആയോധന രംഗത്ത് സ്ത്രീകളുടെ കഴിവ് പ്രകടിപ്പിക്കുവാനുള്ള സാധ്യതകൾ ഇന്ന് കുറവായി കാണുന്നു. മേൽ വിവരിച്ച മേഖലകളിൽ സ്ത്രീപ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

4.13. മലയാള സാഹിത്യത്തിൽ ധാരാളം എഴുത്തുകാരികൾ ഉണ്ട് .അവർക്കായി സാഹിത്യ സംഗമങ്ങൾ സംഘടിപ്പിക്കും.

4.14. കല-കായിക രംഗത്ത് ഒരിക്കൽ ശോഭിച്ചിരുന്നവരും, പിന്നീട് അറിയപ്പെടാതെ പോകുന്നവരുമായ സ്ത്രീകളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് പരിശോധിക്കും.

4.15. സിനിമാ രംഗത്തെ പല തൊഴിലുകളിലും സ്ത്രീകൾക്ക് പ്രവേശനമില്ല എന്ന രീതി ഇന്നും തുടരുന്നുണ്ട്. ആയതിനുള്ള കാരണങ്ങൾ കണ്ടെത്തി തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സ്ത്രീകൾക്ക് സിനിമ മേഖലയിൽ തുല്യപങ്കാളികളായി പ്രവർത്തിക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

4.16. സ്ത്രീകളെയും പെൺകുട്ടികളെയും ആഗോളതലത്തിൽ അറിയപ്പെടുന്ന കായിക താരങ്ങളായി ഉയർത്തുന്നതിനായുള്ള പ്രോത്സാഹന നടപടികൾ സ്വീകരിക്കും.

## 5. <u>നിയമം, സ്ത്രീസുരക്ഷ.</u>

ഇന്ത്യൻ നിയമങ്ങളിലെ സ്ത്രീ വിരുദ്ധതക്ക് ചരിത്രപരമായ മാനങ്ങൾ ഉണ്ട്. നിയമ നിർമാണ രംഗത്തെ സ്ത്രീകളുടെ അസാന്നിധ്യം ആണ് അതിൽ പ്രധാനം. സ്ത്രീകൾക്ക് വേണ്ടി പറയാനോ, എഴുതാനോ അത്തരം വേദികളിൽ സ്ത്രീകൾ ഇല്ല എന്നതാണ് മുഖ്യ കാരണം. നിയമങ്ങൾ പ്രത്യേകിച്ചും, വ്യക്തി നിയമങ്ങൾ രൂപപ്പെടുന്നത് അതാതു കാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും കൂട്ടി വെച്ചുകൊണ്ടാണ് എന്ന് നമുക്ക് കാണുവാൻ സാധിക്കും. പൊതു

മണ്ഡലത്തിൽ നിലനിൽക്കുന്ന പുരുഷമേധാവിത്വവും മതമേധാവിത്വവും അത്തരം ആചാരങ്ങളും, അനുഷ്ഠാനങ്ങളും നിയമമാക്കി രൂപപ്പെടുത്തുന്നതിൽ സ്വാധീനിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കേസുകളിൽ പ്രതിക്ക് രക്ഷപ്പെടാനുള്ള മാർഗവും അവലംബിച്ചു കൊണ്ടാണ് ഇത്തരം നിയമ നിർമ്മാണങ്ങൾ നടന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ധാരാളം പഴുതുകളുമുണ്ട്. ആയതിനാൽ നിയമങ്ങളിൽ ഒരു സ്ത്രീപക്ഷ വായന അത്യന്താപേക്ഷിതമാണ്.

നിയമങ്ങളെക്കുറിച്ച് സാധാരണക്കാർ പലപ്പോഴും അജ്ഞരാണ്. അതിനു കാരണം അതിന്റെ ഭാഷയാണ്. ലളിതമായ ഭാഷയിൽ അത് ജനങ്ങളിലേക്ക് എത്തിയാൽ മാത്രമേ നിയമങ്ങൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രയോഗത്തിൽ വരികയുള്ളു. നിയമ സാക്ഷരത എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് നിയമങ്ങൾ ജനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ ലളിതമായി മനസ്സിലാക്കുക എന്നതാണ്. സ്ത്രീകളെ സഹായിക്കുന്ന രീതിയിലുള്ള ധാരാളം നിയമങ്ങൾ നമുക്ക് നിലവിലുണ്ടെങ്കിലും അതിൽ പഴുതുകളുമുണ്ട്. ഉദാഹരണത്തിന്, വിവാഹത്തിൽ സ്ത്രീധനവുമായി ബന്ധപ്പെട്ട നിയമങ്ങൾ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുമ്പോൾ അതിൽ തന്നെ ഉള്ള പല പഴുതുകളും പ്രതികൂലമായി ഭവിക്കുന്നവയാണ്. അതുപോലെ തന്നെ തൊഴിൽ രംഗത്തും, ആരോഗ്യ രംഗത്തും, സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ടും ഒക്കെ ധാരാളം നിയമങ്ങൾ ഉണ്ടെങ്കിലും, അതിന്റെ നിർവഹണം കൂടുതൽ ഫലപ്രദമാകേണ്ടതുണ്ട്. അതുകൊണ്ടുതന്നെ നിയമങ്ങളിൽ സ്ത്രീ വായന എന്നത് അത്യന്താപേക്ഷിതമാണ്.

കേരള സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപദവി അസമത്വത്തിന്റെ പ്രതിഫലനമാണ് സ്ത്രീകൾക്കു നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ സൂചിപ്പിക്കുന്നത്. ഓരോ വർഷം കഴിയുന്തോറും അതിക്രമങ്ങളുടെ എണ്ണം വർധിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. ഗാർഹികാതിക്രമമാണ് പരാതികളിൽ മുന്നിൽ നിൽക്കുന്നതായി കാണുന്നത്. കുടുംബകോടതികൾ, സർവീസ് പ്രോവൈഡിംഗ് സെന്ററുകൾ എന്നിവ നിലവിൽ ഉള്ളപ്പോഴും, സ്ത്രീകളോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് മാറാതെ നിയമത്തിന്റെ പ്രായോഗികതലം ഫലവത്താകുകയില്ല. അതുകൊണ്ട് തന്നെ, കുടുംബം, തൊഴിലിടങ്ങൾ, പൊതുസ്ഥലം, മാധ്യമം എന്നിങ്ങനെ സമൂഹത്തിന്റെ എല്ലായിടങ്ങളും സ്ത്രീകളോടുള്ള വിവേചനത്തിന്റെയും അതിക്രമത്തിന്റെയും വേദികളായി മാറുന്ന ആശങ്കാജനകമായ സാഹചര്യം മാറേണ്ടതുണ്ട്.

നയങ്ങളും കർമ്മ പരിപാടികളും

5.1 സ്ത്രീ സംരക്ഷണ നിയമങ്ങളുടെ പഴുതുകൾ പരിശോധിച്ചുകൊണ്ട് ഭേദഗതികൾ സമർപ്പിക്കാനും പുതിയ നിർദ്ദേശങ്ങൾക്ക് രൂപം നല്കാനുമായി നിയമജ്ഞർക്ക് ഭൂരിപക്ഷമുള്ള ഒരു സമിതി രൂപീകരിച്ച് ഭേദഗതി ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതാണ്.

5.2 കുടുംബകോടതികൾ സ്ത്രീ സൗഹൃദമാണെന്നും അവ ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ടെന്നും ഉറപ്പ് വരുത്തും.

5 . 3 സ്ത്രീകൾക്കും കുട്ടികൾക്കും സ്ത്രീ സംരക്ഷണനിയമങ്ങൾ സംബന്ധിച്ച നിയമ സാക്ഷരത ലഭ്യമാക്കും.

5.4 വിദ്യാഭ്യാസ മേഖലയിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നിയമാവബോധം നൽകാനുള്ള നടപടികൾ കൂടുതൽ ശക്തിപ്പെടുത്തും.

5.5 അസംഘടിത മേഖലയിലെ വനിതാ തൊഴിലാളികളുടെ പ്രശ്നങ്ങൾ കണ്ടെത്തി അവരുടെ ക്ഷേമത്തിനായി ഉചിതമായ നടപടികൾ സ്വീകരിക്കും.

5.6 കൗമാരക്കാർ, ഗർഭിണികൾ, ലൈംഗിക പീഡനത്തിലെ അതിജീവിതകൾ, ഉപേക്ഷിക്കപ്പെട്ട അഗതികൾ, രോഗം മൂലം സാമൂഹ്യ ബഹിഷ്കരണം നേരിടുന്നവർ എന്നിവരുടെ പരിരക്ഷയ്ക്കും പുനരധിവാസത്തിനും വേണ്ടി സ്വീകരിച്ച് വരുന്ന നടപടികൾ ത്വരിതപ്പെടുത്തും.

5.7 നിയമങ്ങളെല്ലാം ഘട്ടംഘട്ടമായി ജെൻഡർ ഓഡിറ്റിങ്ങിന് വിധേയമാക്കും.

5.8 വിവാഹ രജിസ്ട്രേഷൻ നടത്തുമ്പോൾ തന്നെ വിവാഹത്തോടനുബന്ധിച്ച് ലഭ്യമായ സ്വത്ത് വിവരങ്ങൾ, സമ്മാനങ്ങൾ മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നത് നിർബന്ധമാക്കിയുള്ള നിയമ നിർമ്മാണ/നിയമ ഭേദഗതി സാധ്യതകൾ പരിശോധിക്കും.

5.9 ആർഭാട വിവാഹത്തിന് ആഡംബര നികുതി ഏർപ്പെടുത്തുന്നതിന് നിയമ നിർമാണം നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കും.

5.10 വിവാഹങ്ങൾ നിയമപരമായി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെന്നത് നിർബന്ധമാക്കാനുള്ള സാധ്യതകൾ പരിശോധിക്കും.

5 . 1 1 വിവാഹ പൂർവ്വ കൗൺസിലിംഗ് നിർബന്ധമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കും.

5.12 സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിലവിലെ

സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

5.13 പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകുകയും, അവർ സുരക്ഷിത മാർഗ്ഗങ്ങൾ സ്വായത്തമാക്കേണ്ടതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

5.14 സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പിൽ സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കും..

5.15 വിധികളുടെയും തീർപ്പുകളുടെയും ജെൻഡർ ഓഡിറ്റ് നടത്തുവാനും കാലാനുസൃതമായി ഭേദഗതികൾ സമർപ്പിക്കുവാനും പുതിയ നിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കാനുമായി നിയമജ്ഞരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കും. ഈ സമിതിയിൽ സ്ത്രീസാനിധ്യം ഉറപ്പാക്കുന്നതാണ്.

5.16 ജൻഡർ പാർക്ക് കേന്ദ്രീകരിച്ച് ഒരു ജെൻഡർ ജൂറിസ് പ്രൂഡൻസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

5.17 സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഫലപ്രദമായി തടയുകയും, ജാഗ്രതാ സമിതികളെ ഉപയോഗിച്ച് സ്ത്രീകൾക്ക് നിയമ സംരക്ഷണം ഉറപ്പാക്കുന്നതിൽ വിജയിക്കുകയും ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അക്രമ വിമുക്ത പ്രദേശമായി പ്ര്യാപിച്ച് അഭിനന്ദിക്കും.

5.18 നിലവിലുള്ള സുരക്ഷ സംവിധാനങ്ങൾ ഫലപ്രദവും കുറ്റമറ്റതും ആക്കുവാനുമുള്ള നടപടികൾ കൈകൊള്ളും.

5.19 അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്നതായി കാണുന്നു. ഇവ പലപ്പോഴും സ്ത്രീ സുരക്ഷക്കും വികസനത്തിനും വെല്ലുവിളിയായി മാറാറുണ്ട്. ഇത്തരം അനാചാരങ്ങൾ ദുരീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

5.20. സാമൂഹ്യ നീതി വകുപ്പിനും വനിതാ ശിശു വികസന വകുപ്പിനും കീഴിലുള്ള എല്ലാ ക്ഷേമസ്ഥാപനങ്ങളിലും ഉള്ള സ്ത്രീകളുടെ മാനസികവും, ശാരീരികവുമായ വികാസത്തിന് സഹായകമാകുന്ന തരത്തിൽ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭങ്ങളും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

5.21. ക്ഷേമസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്ക് ആവശ്യമുള്ള പരിശീലനങ്ങൾ നൽകുകയും ജോലിയിൽ സംതൃപ്തി ഉണ്ടാകുന്ന രീതിയിൽ ഉള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യും.

5.22. ടെക്സ്റ്റയിൽസ് മേഖലയിൽ നിന്നുള്ള അസംഘടിത തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ **Shops and Commercial establishment Act** ലെ വ്യവസ്ഥകൾ പരിമിതമാണ്. അതിനാൽ ടെക്സ്റ്റൈൽ അടക്കമുള്ള അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന എണ്ണമറ്റ സ്ത്രീ

തൊഴിലാളികളുടെ സുരക്ഷയും വിശ്രമവും അടക്കമുള്ള മാനുഷിക പരിഗണനകൾ ലഭ്യമാക്കുന്ന തരത്തിലുള്ള നിയമനിർമ്മാണ നടപടികൾ സ്വീകരിക്കും.

5 . 2 3 . ഗാർഹിക പീഡനങ്ങളും, സ്ത്രീകളുടെ പ്രതിഫലമില്ലാത്ത ഗാർഹികജോലികളും കണക്കിലെടുത്ത്, കുടുംബത്തിൽ ജനാധിപത്യ ബന്ധവും തുറന്ന ചർച്ചകളും പ്രോൽഹിപ്പിക്കുന്നതിനു സഹായകമായ ആശയപ്രചരണം നടത്തും.

5.24. സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ടു കേരളത്തിൽ നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു എന്നത് ഉറപ്പു വരുത്തും.

5.25. സൈബർ ഇടങ്ങളിലെ സ്ത്രീവിരുദ്ധതയെക്കുറിച്ച് വിശകലനം ചെയ്ത് നിയമനടപടികൾക്കുള്ള സാധ്യതകൾ ആരായും.

5 . 2 6 . ശാരീരികവും, മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും വേണ്ടുന്ന പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തും.

6. ദളിത് - ആദിവാസി സമൂഹം

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ സ്ത്രീകൾക്കായി വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും, ഏറ്റവും പരിഗണന അർഹിക്കുന്ന ദളിത്-ആദിവാസി സമൂഹത്തിലെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ട് വരുന്നതിന് സർക്കാർ തലത്തിലുള്ള ഇടപെടലുകൾ കൂടുതൽ ആവശ്യമാണ്. സ്ത്രീപുരുഷാനുപാതത്തിന്റെ കാര്യത്തിൽ കഴിഞ്ഞ 40 വർഷത്തിനിടയിൽ ആദിവാസി സമൂഹത്തിൽ ഗുണപരമായ മാറ്റം കാണുന്നുണ്ടെങ്കിലും, ഇത് കേരളത്തിലെ മറ്റ് വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ആദിവാസി സമൂഹത്തിൽ തുലോം കുറവാണ്. എന്നാൽ രാജ്യത്താകെയുള്ള ആദിവാസി സ്ത്രീ പുരുഷാനുപാതത്തിൽ കുറവ് സംഭവിച്ചു എങ്കിലും, കേരളത്തിൽ ആദിവാസി സ്ത്രീ പുരുഷാനുപാതത്തിൽ രേഖപ്പെടുത്തിയ വർദ്ധനവ് അനുകൂലമായ സൂചകം തന്നെയാണ്. എന്നാൽ അട്ടപ്പാടി, വയനാട്, ഇടുക്കി പോലുള്ള ആദിവാസി ഭൂരിപക്ഷ പ്രദേശങ്ങൾ മാത്രമായെടുത്ത് പരിശോധിക്കുമ്പോൾ 1000 പുരുഷന്മാർക്ക് 990 സ്ത്രീകൾ എന്നത് ആശങ്കയുളവാക്കുന്ന സ്ത്രീപുരുഷാനുപാതവുമാണ്.

കഴിഞ്ഞ കുറെ കാലങ്ങളായി ദളിത്-ഗോത്ര വിഭാഗങ്ങൾക്കിടയിലെ സാക്ഷരതാ നിരക്ക് വർദ്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. എങ്കിലും സംസ്ഥാനത്തെ പൊതുസാക്ഷരതയുമായി താരതമ്യം ചെയ്യുമ്പോൾ

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ സ്ത്രീകളുടെ സാക്ഷരത കുറവാണ്. സ്കൂളിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും പല തരത്തിലുള്ള സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക പ്രശ്നങ്ങൾ ആദിവാസി പെൺകുട്ടികളുടെ പഠനത്തിന് വിഘാതമാകുന്നുണ്ട്.

ദളിതരുടെ വിഷയത്തിൽ വിദ്യാഭ്യാസപരമായും, തൊഴിൽപരമായും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ചില പ്രത്യേക തൊഴിലുകളിലാണ് സ്ത്രീകൾ വിന്യസിക്കപ്പെട്ടിട്ടുള്ളത്. ഭാഷാ പ്രയോഗത്തിലും, മൊഴി രൂപങ്ങളിലും വരെ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കേരളത്തിലെ സാഹചര്യം അനുകൂലമാണെങ്കിലും, മനുഷ്യ മനസ്സിൽ നിന്നും ജാതി വിവേചനം പൂർണമായി തുടച്ചു മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

ആദിവാസി സ്ത്രീകൾക്കിടയിലെ തൊഴിൽ പങ്കാളിത്തം കേരളത്തിൽ സ്ത്രീ തൊഴിൽ പങ്കാളിത്തവുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്നതാണ്. ഭൂരിഭാഗം ആദിവാസി സ്ത്രീകളും കൃഷിപ്പണിയിലും കൂലിപ്പണിയിലും ആണ് ഏർപ്പെട്ടിരിക്കുന്നത്. വനവിഭവങ്ങൾ ശേഖരിച്ച് ജീവിക്കുന്നവരും ഏറെയുണ്ട്. ആദിവാസി ജീവിതങ്ങൾ നേരിടുന്ന വെല്ലുവിളികളുടെ ആഘാതം ഏറ്റവുമധികം പേറുന്നത് സ്ത്രീകളാണ്. അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ, ഗുരുതരമായ വിളർച്ച രോഗം, മാതൃശിശു ആരോഗ്യപ്രശ്നങ്ങൾ മദ്യപാനം, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ കാരണം ആദിവാസി സ്ത്രീകളുടെ ജീവിതക്ലേശം വർദ്ധിപ്പിക്കുന്ന അനുഭവങ്ങളും ആദിവാസിമേഖലകളിൽ കൂടുതലായി കാണാവുന്നതാണ്.

സംസ്ഥാനത്തെ ജനസംഖ്യയുടെ 1.14 ശതമാനം മാത്രമാണ് ആദിവാസികൾ. ദളിത്-ആദിവാസി വിഭാഗങ്ങളിൽ കാണുന്ന ദാരിദ്ര്യത്തിന്റെ തോത് സംസ്ഥാനത്തെ പൊതു ദാരിദ്ര്യത്തെക്കാൾ വളരെ കൂടുതലാണ്. എന്നാൽ സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളുടെ 3 ശതമാനം ആദിവാസികളാണെന്നത് ഇവർക്കിടയിലെ ദാരിദ്ര്യത്തിന്റെ രൂക്ഷത സൂചിപ്പിക്കുന്നുണ്ട്. ദാരിദ്ര്യത്തിന്റെ ഭാരം കൂടുതൽ ചുമക്കേണ്ടി വരുന്നത് ആദിവാസി സ്ത്രീകളും കുഞ്ഞുങ്ങളുമാണ്.

ആദിവാസി സമൂഹത്തിന് വിദ്യാഭ്യാസത്തിനും തൊഴിലിനുമായി പ്രത്യേക സംവരണം ഏർപ്പെടുത്തിയതടക്കമുള്ള പദ്ധതികൾ സർക്കാർ

ആവിഷ്കരിച്ചിട്ടുണ്ട്.

## നയങ്ങളും കർമ്മ പരിപാടികളും

6.1 കേരളത്തിലുള്ള വിദ്യാഭ്യാസ നിലവാരത്തിന്റെ പൊതു സൂചികകളെ അപേക്ഷിച്ചു ആദിവാസി പെൺകുട്ടികളുടെ വിദ്യാഭ്യാസ നിലവാരം പിന്നോക്കം നിൽക്കുന്നു. അവർക്ക് വിദ്യാഭ്യാസ രംഗത്ത് തുല്യനീതി ഉറപ്പു വരുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തും.

6.2 വിദ്യാഭ്യാസ മേഖലയിൽ ആദിവാസി പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന്റെ ഭാഗമായി, അവരുടെ പഠനം മുന്നോട്ടുകൊണ്ടു പോകാനുള്ള സംവിധാനം ഒരുക്കും.

6.3 ദളിത്-ആദിവാസി പെൺകുട്ടികളുടെ റസിഡൻഷ്യൽ ഹോസ്റ്റലുകളിൽ സുരക്ഷാ സംവിധാനം ശക്തമാക്കും.

6.4 ഇത്തരം ഹോസ്റ്റലുകളുടെ സുരക്ഷയും സൗകര്യങ്ങളും പരിശോധിക്കുകയും, ആയത് മെച്ചപ്പെടുത്തുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ ജെൻഡർ ഓഡിറ്റിംഗിനു വിധേയമാക്കുകയും ചെയ്യും.

6.5 തൊഴിലധിഷ്ഠിത കോഴ്സുകളിലും പാരാമെഡിക്കൽ കോഴ്സുകളിലും ദളിത്-ആദിവാസി പെൺകുട്ടികളുടെ എണ്ണം കുറവായതായി കാണുന്നു. ആകയാൽ അവർക്ക് പ്രോത്സാഹനം നൽകി മുന്നോട്ടു കൊണ്ടു വരുന്നതിനുള്ള ശ്രമം നടത്തും.

6.6 ദളിത്-ആദിവാസി വിദ്യാർത്ഥിനികളിൽ കായികാഭ്യാസത്തിൽ കഴിവുള്ളവർക്ക് അവരെ ആഗോള തലത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥിനികൾക്കായി ഒരു സ്പോർട്സ് അക്കാദമി രൂപീകരിക്കുന്നതിനുള്ള സംവിധാനമൊരുക്കും.

6.7 ആദിവാസി സ്ത്രീകളുടെ അധ്വാനത്തിനനുസരിച്ചുള്ള വേതനം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോയെന്നും, ചൂഷണത്തിന് വിധേയരാകുന്നുണ്ടോയെന്നും പരിശോധിക്കേണ്ടതുണ്ട്. കൂടാതെ തൊഴിൽ നൈപുണ്യത്തിന്റെ ആവശ്യകത പരിശോധിച്ച് ആദിവാസി പ്രദേശങ്ങളിലെ പ്രാദേശിക സവിശേഷതകളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള തൊഴിൽ പരിശീലനങ്ങളും ഉല്പാദന സംരംഭങ്ങളും ആരംഭിക്കുന്നതിനായുള്ള സാധ്യതകൾ ആരായും.

6.8 ദളിത് സ്ത്രീകളുടെ തൊഴിൽ രംഗത്തുള്ള വിവേചനം അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും.

6.9 ദളിത്-ആദിവാസി സ്ത്രീകൾക്ക് സെറികൾച്ചർ, മുളയുൽപ്പന്നങ്ങൾ, പരമ്പരാഗത കരകൗശലം എന്നിവയിൽ വിദഗ്ധ പരിശീലനം നൽകി അവ

ഉദ്പാദിപ്പിക്കുവാനും, സൂക്ഷിക്കാനും, വിപണനം ചെയ്യുന്നതിനുമുള്ള സംവിധാനം നടപ്പാക്കും.

**6.10** വനവിഭവങ്ങൾ ശേഖരിക്കുന്നതിലും അവ വിറ്റഴിക്കുന്നതിലും ഇന്ന് നിലനിൽക്കുന്ന വിഘാതങ്ങൾ കണ്ടെത്തി അവ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

**6.11** ദളിത്-ആദിവാസി മേഖലയിലെ ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും, സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

**6.12** ദളിത്-ആദിവാസി പെൺകുട്ടികളുടെയും സ്ത്രീകളുടെയും പോഷകാഹാരക്കുറവ് നികത്തുന്ന തരത്തിൽ പോഷകാഹാരം സ്കൂളിൽ എത്തിക്കാനുള്ള നടപടികൾ വിപുലീകരിക്കും.

**6.13** ഭരണ സംവിധാനങ്ങളിൽ ദളിത്-ആദിവാസി സ്ത്രീപ്രാതിനിധ്യം ഉറപ്പാക്കും.

**6.14** ഊരുകൂട്ടം, ത്രിതല പഞ്ചായത്ത് എന്നിങ്ങനെയുള്ള പ്രാദേശിക ഇടങ്ങളിൽ ദളിത്- ആദിവാസി സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കും

**6.15** ഈ മേഖലയിലെ സ്ത്രീകളുടെ സഹായത്തോടെ പ്രാദേശികമായി ജൈവകൃഷി പ്രോത്സാഹിപ്പിക്കും. ജൈവകൃഷിയ്ക്ക് ആവശ്യമായ നൈപുണ്യ വർദ്ധനവിനായുള്ള പരിശീലനം (യന്ത്രമുൾപ്പെടെ) പ്രാദേശികതലത്തിൽ നടപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും.

**6.16** ദളിത്-ആദിവാസി മേഖലയിലെ വിവിധ ജാതി-ഗോത്ര വിഭാഗങ്ങളുടെ വ്യത്യസ്ത ജീവിത ഗുണനിലവാരം കണക്കിലെടുത്ത് ഏറ്റവും അധികം പ്രശ്നപൂരിതമായ വിഷയങ്ങൾ വിശകലനം ചെയ്ത് അനുയോജ്യമായ നടപടികൾ സ്വീകരിക്കും.

**6.17** ദളിത്-ആദിവാസി മേഖലയിലെ മദ്യപാനത്തിനും ലഹരിക്കും അടിമപ്പെട്ടവർക്കായി, സർക്കാർ ആശുപത്രികളുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ഡി അഡിക്ഷൻ സെന്ററുകളും കൗൺസിലിംഗ് സെന്ററുകളും വിപുലീകരിക്കും.

**6.18** ദളിത്-ആദിവാസി ഭൂരിപക്ഷ മേഖലകളിലും മറ്റ് പിന്നോക്കാവസ്ഥയിലുള്ള പ്രദേശങ്ങളിലും ഉള്ള പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസിന്റെ പ്രാതിനിധ്യം ഉറപ്പാക്കുകയും എല്ലാ പോലീസുകാർക്കും gender അവബോധം നൽകുകയും ചെയ്യും.

**6.19** ഉൾപ്രദേശങ്ങളിലുള്ള ദളിത്-ആദിവാസി കോളനികളിൽ ആരോഗ്യ പരിശോധനയ്ക്കും ഗർഭിണികളുടേയും നവജാത ശിശുക്കളുടേയും പരിശോധനയ്ക്കുമായുള്ള സ്ഥിരം മൊബൈൽ പരിശോധന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

6.20 ആർത്തവം, ഗർഭധാരണം, പ്രസവം, ബാലവിവാഹം എന്നിവ സംബന്ധിച്ച് നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും തിരുത്തുന്നതിനായി ദളിത്-ആദിവാസി സ്ത്രീകൾക്ക് ബോധവൽക്കരണം നൽകും.

6.21. ദളിത്-ആദിവാസി ഭൂരിപക്ഷ മേഖലകളിലെ ആശുപത്രികളിൽ ഓപ്പറേഷൻ തീയേറ്ററുൾപ്പെടെയുള്ള ലേബർ റൂം സൗകര്യങ്ങൾ ഉറപ്പു വരുത്തും.

6.22. ഇന്നും സമൂഹത്തിൽ നിലനിൽക്കുന്ന ജാതി വിവേചനങ്ങളെ ഇല്ലായ്മ ചെയ്യുന്ന തരത്തിൽ ബോധവൽക്കരണം നടത്തും.

7.<u>തീരദേശം</u>

കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക ശ്രദ്ധ അർഹിക്കുന്നതുമായ മേഖലയാണ് തീരദേശമേഖല. കേരളത്തിലെ തീരദേശം (580 km). ഒൻപതു ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു. വയനാട്, പാലക്കാട്, ഇടുക്കി, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും തീരദേശവാസികൾ ഉണ്ട്. ആദിവാസി മേഖലകളിലെന്ന പോലെ, ജീവിത രീതിയിലും സംസ്കാരത്തിലും, അധ്വാനങ്ങളിലുമൊക്കെയുള്ള വൈവിധ്യം തീരദേശ ജില്ലകളിലും കാണാം. വടക്കും തെക്കും ഉള്ള തീരദേശവാസികളുടെ ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമാണ്.

കേരളത്തിലെ മത്സ്യ തൊഴിലാളി ഗ്രാമങ്ങളിൽ കുട്ടികൾക്ക് ആനുപാതികമായ വിദ്യാലയങ്ങൾ ഉണ്ട്. തീരദേശ മേഖലയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാതീരം, പ്രതിഭ തീരം എന്നിങ്ങനെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും, “വിവാഹം” ആത്യന്തിക ലക്ഷ്യം എന്ന രീതിയിൽ വിദ്യാഭ്യാസത്തെക്കാളും, തൊഴിലിനെക്കാളും വിവാഹത്തിനു പ്രാധാന്യം കൊടുക്കുന്നതിനാൽ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ തോത് ഇപ്പോഴും കൂടുതൽ ആയി കാണുന്നു.

തീരദേശവാസികൾക്കായി ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിതമായിട്ടുണ്ടെങ്കിലും, മറ്റു വിഭാഗങ്ങളിലെ സ്ത്രീകളുമായി താരതമ്യം ചെയ്യുമ്പോൾ തീരദേശങ്ങളിലെ സ്ത്രീകളുടെ ഇടയിൽ ജീവിതശൈലീ രോഗങ്ങളുടെ തോത് കൂടുതലാണ്. കൂടാതെ തീരദേശങ്ങളിലെ സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മയും അതിനെ തുടർന്നുള്ള

സാമ്പത്തിക പ്രതിസന്ധിയും രൂക്ഷമാണ്. യന്ത്രവൽകൃത ബോട്ടിൽ മീൻ പിടിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാർക്ക് തൊഴിൽ ലഭ്യമാണ് എങ്കിലും ഈ മേഖലയിലെ സ്ത്രീകളുടെ വൈദഗ്ധ്യക്കുറവ് ഒരു പരിമിതിയാണ്. യന്ത്രവൽക്കരണം സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ നഷ്ടപ്പെടുത്തിയത് അവരെ സാമ്പത്തിക ബുദ്ധിമുട്ടിലേയ്ക്ക് നയിക്കുന്നതിന് കാരണമായി. മൂന്നും നാലും കുടുംബങ്ങൾ ഒരുമിച്ച് ഒരു വീട്ടിൽ താമസിക്കുന്ന രീതി ഇന്നും പല തീരദേശങ്ങളിലും കാണാം. അതു കാരണം റേഷൻകാർഡ് ഉൾപ്പെടെയുള്ള പല ആനുകൂല്യങ്ങളും ഇവർക്ക് നിഷേധിക്കപ്പെടുന്നു. കാലാവസ്ഥ വ്യതിയാനവും, വമ്പൻ കോർപ്പറേറ്റുകളുടെ കടന്നുകയറ്റവും തീരദേശവാസികളുടെ വികസനത്തിനു ഇടിവ് വരുത്തുന്ന കാരണങ്ങളാണ്. നടന്നു മത്സ്യം വിൽക്കുന്ന സ്ത്രീകളുടെ ആരോഗ്യസ്ഥിതിയും സാമ്പത്തിക സ്ഥിതിയും സുരക്ഷയും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ മേഖലയിൽ ആവശ്യമായ വിശകലനം നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

നയങ്ങളും കർമ പരിപാടികളും

7.1 തീരദേശത്ത് സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ കണ്ടെത്തും.

7.2 യന്ത്രവൽക്കരണത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട മത്സ്യ മേഖലയിലെ സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകുകയും തൊഴിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും പ്രാദേശിക തലത്തിലുള്ള വിപണിസാധ്യതകൾ കണ്ടെത്തുകയും ചെയ്യും.

7.3 സ്ത്രീകൾക്ക് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി, അവർക്ക് പരിശീലനം നൽകുകയും, ഈ മേഖലയിൽ അവർക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാധ്യത ആരായുകയും ചെയ്യും.

7.4 എല്ലാ തീരദേശ പഞ്ചായത്തിലും ഫിഷിംഗ് കമ്മ്യൂണിറ്റി വെൽനസ് സെൻററുകർ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കും.

7.5 തീരദേശ മേഖലയിലെ സ്കൂളുകളിൽ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും "വിവാഹമല്ല, വിദ്യാഭ്യാസമാണ് പ്രധാനം" എന്ന സന്ദേശം ഉൾക്കൊണ്ട് കരിയർ ഗൈഡൻസ് നടപ്പാക്കാനുള്ള സാധ്യതകൾ പരിശോധിക്കും.

7.6 തീരദേശത്തിലെ സ്ത്രീകളുടെ പദവി വിശകലനം നടത്തി, പ്രശ്നങ്ങൾ

പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും.

7.7 തീരദേശവാസികളുടെ ഇടയിലെ പോഷകാഹാരക്കുറവ് കണ്ടെത്തി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും.

7.8. തീരദേശ തൊഴിൽ മേഖലയിൽ അക്വാകൾച്ചർ, അലങ്കാരമത്സ്യങ്ങൾ, ജലസസ്യങ്ങൾ എന്നിവയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട തൊഴിൽ സാധ്യതകൾ കണ്ടെത്തും.

7.9 സാഫ് (S A F) തീരമൈത്രി പോലുള്ളവയുടെ പ്രവർത്തനഫലമായി തീരദേശത്തിലെ സ്ത്രീ തൊഴിലാളികളിൽ ഉണ്ടായ പുരോഗതിയെക്കുറിച്ച് വിശകലനം ചെയ്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

7.10. മത്സ്യതൊഴിലാളി സ്ത്രീകൾക്ക് മത്സ്യ വിപണനത്തിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കും.

## 8. <u>വയോജനങ്ങൾ</u>

ജനസംഖ്യയുടെ ഏതാണ്ട് ഇരുപതു ശതമാനത്തോളം വരുന്ന വയോജനങ്ങളുടെ സംരക്ഷണം സർക്കാർ ഏറ്റെടുത്തു പല പദ്ധതികളും നടപ്പിലാക്കി വരുന്നു.

കേരളത്തിൽ 1961ൽ മൊത്തം ജനസംഖ്യയുടെ 5.1% മാത്രമായിരുന്ന വയോജനങ്ങൾ നിലവിൽ 16.5% ആയി വർദ്ധിച്ചിട്ടുണ്ട് എന്നത് അവർ പ്രത്യേക പരിഗണന അർഹിക്കുന്നവരാണെന്നതു വ്യക്തമാക്കുന്നു. കേരളത്തിൽ കൂട്ടുകുടുംബങ്ങളുടെ തകർച്ചയും, അണു കുടുംബങ്ങളുടെ വളർച്ചയും വയോജനങ്ങളിൽ ഒറ്റപ്പെടൽ സൃഷ്ടിക്കുന്നു. കൂടാതെ, പല കുടുംബങ്ങളിലെയും യുവതീ യുവാക്കൾ തൊഴിലിനും മറ്റു വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമായി കേരളത്തിന് പുറത്തു പോകുന്ന സാഹചര്യം വയോജനങ്ങളുടെ ഏകാന്തത വർധിക്കുന്നതിന് കാരണമാകുന്നു. ഇത് ഇവരുടെ ശാരീരികവും, മാനസികവുമായ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. ഒറ്റപ്പെടൽ, ഏകാന്തത, അവഗണന, അണുകുടുംബങ്ങളുടെ പ്രത്യേകതകൾ, ജീവിതശൈലി രോഗങ്ങൾ, ആർത്തവ വിരാമത്തിന്റെ പ്രശ്നങ്ങൾ, നഗരവത്കരണത്തിൻറെ പ്രശ്നങ്ങൾ, സാമ്പത്തിക പ്രയാസങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങളിലൂടെ കടന്നുപോകുന്നവരാണ് കേരളത്തിലെ മുതിർന്ന പൗരർ.

വയോജനങ്ങൾക്കായി സർക്കാരിന്റെ ഭാഗത്ത് നിന്ന് പല പദ്ധതികളും

നടപ്പാക്കി വരുന്നുണ്ട്. Maintenance and Welfare of Parents and Senior Citizens Act 2007 ന്റെ ചട്ടങ്ങൾ കേരളത്തിൽ നടപ്പിലാക്കിവരുന്നു. മുതിർന്നവർക്കുള്ള ഹോമുകൾ കൂടാതെ, വയോ അമൃതം, സായംപ്രഭ, വയോശ്രേഷ്ഠ സമ്മാൻ എന്നിങ്ങനെ പല പദ്ധതികളും കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും വയോജനങ്ങളുടെ പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്കും, സാമ്പത്തിക പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. വയോജനങ്ങൾക്കായി വയോജന കമ്മീഷനും പ്രത്യേകമായി ഒരു വകുപ്പും വേണമെന്ന് സീനിയർ സിറ്റിസൺ ക്ഷേമ സമിതി ആവശ്യം ഉന്നയിച്ചിട്ടുണ്ട്. മനുഷ്യ ബന്ധങ്ങൾ, മാനസിക ആരോഗ്യം എന്നിവ മെച്ചപ്പെടുത്താനും ഇനിയും പദ്ധതികൾ ആവശ്യമാണ്. അവരുടെ ജീവിതാനുഭവങ്ങളും, കഴിവും കേരളത്തിന്റെ വികസനത്തിനായി പ്രാദേശിക തലത്തിൽ ഉപയോഗിക്കാവുന്നതുമാണ്.

വൈധവ്യത്തിന്റെയും വാർധക്യത്തിന്റെയും ലിംഗ വിവേചനത്തിന്റെയും പ്രശ്നങ്ങൾ നേരിടുന്നവരാണ് മുതിർന്ന സ്ത്രീകൾ. ആയുർദൈർഘ്യം കൂടുതലാണെന്ന് എടുത്തു പറയുമ്പോൾ തന്നെ വയോജനങ്ങൾക്കിടയിൽ രോഗാതുരതയും കൂടുന്നു. വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, കിടപ്പ് രോഗികൾ എന്നിവർക്കായി വിവിധ സർക്കാർ പദ്ധതികൾ നിലവിൽ ഉണ്ടെങ്കിലും, അവരുടെ പ്രശ്ന പരിഹാരത്തിനായി സവിശേഷ ശ്രദ്ധ നൽകേണ്ടതുണ്ട്.

<u>നയങ്ങളും കർമ്മ പരിപാടികളും</u>

8.1. കേരളത്തിൽ മാറുന്ന ജനസംഖ്യാ രീതി (Demographic Transition) കണക്കിലെടുത്ത്, ഭൂരിപക്ഷം വരുന്ന സ്ത്രീകളായ വയോജനങ്ങൾ ഉൾപ്പെടെയുള്ളവരുടെ സംരക്ഷണം ഉറപ്പു വരുത്തും.

8.2. മുതിർന്ന സ്ത്രീകൾ താമസിക്കുന്ന (ഒറ്റയ്ക്കോ, ഒരുമിച്ചോ) വീടുകൾ, അവിടെയുള്ള താമസക്കാരുടെ വിവരങ്ങൾ എന്നിവ അടങ്ങിയ രജിസ്റ്റർ എല്ലാ തദ്ദേശീയ പോലീസ് സ്റ്റേഷനുകളിലും സൂക്ഷിക്കും. അതുപോലെ, ആശുപത്രി, പോലീസ് സ്റ്റേഷൻ, ഹെല്പ് ലൈൻ എന്നിവയുടെ നമ്പറുകൾ വീടുകളിലെത്തിക്കാനുള്ള സംവിധാനങ്ങൾ സജ്ജീകരിക്കും.

8.3. പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ ആശുപത്രികൾ, പൊതു ശുചിമുറികൾ, സിനിമാശാലകൾ, പൊതു ഓഫീസുകൾ എന്നിവ വയോജന സ്ത്രീ സൗഹൃദമാക്കും. ശൗചാലയങ്ങളിൽ വയോജനങ്ങൾക്ക് സപ്പോർട്ടിനായി സ്റ്റീൽ കമ്പി ഘടിപ്പിക്കുന്നിനുള്ള നിർദ്ദേശം നൽകും.

8.4. മുതിർന്ന സ്ത്രീകളെ തദ്ദേശഭരണ സംവിധാനത്തിന്റെ ഭാഗമാക്കും. ആരോഗ്യമുള്ള മുതിർന്ന സ്ത്രീകളുടെ അറിവും ജീവിത പരിചയവും

പ്രാദേശിക ഭരണത്തിൽ ഉൾപ്പെടുത്തും.

8.5. വയോജന ഗ്രാമസഭകൾ 3 മാസത്തിലൊരിക്കൽ ചേരുകയും മുതിർന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും ചെയ്യും.

8.6. സർക്കാർ സാമ്പത്തിക സഹായത്തോടെ നടത്തുന്ന പകൽ വീടുകൾ, സായംപ്രഭ ഹോം എന്നിവയുടെ പ്രവർത്തനം സ്ത്രീ സൗഹൃദമാക്കും.

8.7.വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ ഏകോപിപ്പിച്ചു കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നുറപ്പ് വരുത്തും.

8 . 8 . വയോജനങ്ങളുടെ മാനസിക പുനരധിവാസത്തിനായി പുതിയ തലമുറയ്ക്കും വയോജനങ്ങൾക്കും സഹായകമാകുന്ന രീതിയിൽ കുട്ടികളുമായുള്ള സമ്പർക്ക പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തും.

8 . 9 . വയോജനങ്ങൾക്ക് കുട്ടികളുമായും യുവാക്കളുമായും സമ്പർക്കമുണ്ടാക്കുന്നതിനും, അവർക്ക് വിനോദം പകർന്നു നൽകുന്ന പ്രവർത്തനങ്ങൾക്കുമായി റസിഡൻസ് അസോസിയേഷനുകളെ വയോജനങ്ങളുമായി ബന്ധിപ്പിക്കുന്നതിനുവേണ്ട സാധ്യത പരിശോധിക്കും.

8.10. പൊതു ഗതാഗതം വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

8 . 1 1 . ഡിമെൻഷ്യ രോഗികൾക്കായി പ്രത്യേക ഹോമുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

## 9. തീരുമാനമെടുക്കൽ പ്രക്രിയയിൽ സ്ത്രീ

കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തത്തിന്റെ ചരിത്രം പ്രകടമാണ് എങ്കിലും അവയൊന്നും പൂർണ്ണമായും ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയതായി കാണാം. സ്ത്രീകൾ കേരള സമൂഹ സൃഷ്ടിയിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെങ്കിലും സമകാലിക കേരളത്തിലും സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലും നേതൃത്വസ്ഥാനങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം കുറവാണെന്നത് പോരായ്മയാണ്. കേരളനിയമസഭയിലെ സ്ത്രീസാന്നിദ്ധ്യം ഇപ്പോൾ 8.5 ശതമാനം മാത്രമാണ്. നയതീരുമാനങ്ങളെടുക്കുന്ന സർക്കാർ ഉന്നതാധികാര സമിതികളിലും, വികസന സംവിധാനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവ് ആണ്.

ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികൾ പ്രാദേശിക

ഭരണരംഗത്ത് വൻ സ്ത്രീ മുന്നേറ്റത്തിന് സാഹചര്യമൊരുക്കി. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ രാഷ്ട്രീയ രംഗത്ത് കടന്നുവരുന്ന സ്ത്രീകൾക്ക് രാഷ്ട്രീയത്തിൽ തുടരുന്നതിനും ഉന്നതസ്ഥാനത്ത് എത്തുന്നതിനും വളരെയധികം വെല്ലുവിളികളും തടസ്സങ്ങളും നിലനിൽക്കുന്നു. ഇതുപോലെ മറ്റ് അധികാര സ്ഥാനങ്ങളിലും സ്ത്രീകളുടെ സാന്നിധ്യം ഉറപ്പ് വരുത്തുന്നതിന് നിരവധി വിഘാതങ്ങൾ ദൂരീകരിക്കേണ്ടതായുണ്ട്.

എല്ലാ സ്ത്രീകൾക്കും വികസനം കൈവരിക്കുന്നതിനായി വിഭവ സ്രോതസ്സിൽ അവസരങ്ങൾ വിനിയോഗിക്കാനും കഴിവുകൾ വികസിപ്പിക്കുവാനും ഉള്ള തുല്യ അവസരം ലഭ്യമാക്കണം. ഭരണഘടന അനുശാസിക്കും പ്രകാരം വികസനത്തിലും, ഭരണത്തിലും, അധികാര സ്ഥാനങ്ങളിലും തുല്യത കൈവരിക്കണമെങ്കിൽ നിലവിൽ സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപദവി അസമത്വം മാറേണ്ടതും ഭരണ സ്ഥാനങ്ങളിൽ തീരുമാനങ്ങൾ കൈകൊള്ളുന്ന ഉന്നത വേദികളിൽ സ്ത്രീകളുടെ തുല്യ പങ്കാളിത്തവും സ്ഥാനവും ഉറപ്പുവരുത്തേണ്ടതുമുണ്ട്. സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളും **(Gender based violence)** സ്ത്രീ മുന്നേറ്റത്തിന് തടസ്സമാകുന്നു.

<u>വികസനം, ഭരണം, അധികാരം</u>

**9.1** സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനുതകുന്ന തരത്തിൽ ലിംഗപദവി സമത്വത്തിനായി തദ്ദേശ സ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെയും പദ്ധതി വിഹിതത്തിന്റെ 10 ശതമാനം മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സംസ്ഥാന പ്രാദേശിക പദ്ധതികളിൽ ജെൻഡർ ബജറ്റിംഗും ജെൻഡർ ഓഡിറ്റിംഗും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**9.2.** പ്രാദേശിക തലം മുതൽ സംസ്ഥാന തലം വരെയുള്ള വികസന ആസൂത്രണ നിർവഹണ പരിശോധന പ്രക്രിയയിൽ സ്ത്രീകളുടെ അഭിപ്രായങ്ങൾ പരിഗണിക്കുകയും സ്ത്രീപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യും

**9.3.** വനിതാ നയം അവലോകനം ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജെൻഡർ സ്റ്റേറ്റ് മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കും. ഈ ഉന്നതതല കമ്മിറ്റി നയപരമായ തീരുമാനങ്ങൾ കൈകൊള്ളുകയും വിവിധ വകുപ്പുകളുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്യും. വർഷത്തിൽ ഒരു പ്രാവശ്യം ടി കമ്മിറ്റി കൂടുന്നതും വാർഷിക ലിംഗസമത്വ റിപ്പോർട്ട് അവലോകനം ചെയ്യുന്നതുമാണ്.

**9.4.** സംസ്ഥാനത്ത് വനിത ശിശുവികസന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജെൻഡർ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കും. ആറു മാസത്തിലൊരിക്കൽ ഈ കമ്മിറ്റി കൂടുന്നതാണ്. ടി കമ്മിറ്റി ലിംഗപദവി സമത്വത്തിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാനതല ജെൻഡർ സ്റ്റേറ്റ് മോണിട്ടറിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നതുമാണ്.

**9.5.** സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന സ്ത്രീ വികസന പരിപാടികൾ, വനിതാഘടക പദ്ധതിയുടെ വിനിയോഗം എന്നിവ സംബന്ധിച്ച് സംസ്ഥാന സർക്കാർ വനിതാ ശിശു വികസന വകുപ്പ് മുഖേനെ മോണിറ്ററിംഗ് നടത്തുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**9.6.** വിവിധ വികസനപരിപാടികളുടെ നടത്തിപ്പിനും നയ രൂപീകരണത്തിനും മറ്റുമായി സർക്കാർ രൂപീകരിക്കുന്ന സമിതികളിൽ മൂന്നിലൊന്നു സ്ത്രീപങ്കാളിത്തം ഉറപ്പാക്കും.

**9.7.** സർക്കാർ, അർദ്ധ സർക്കാർ, പൊതു-സ്വകാര്യ മേഖലകളിൽ തൊഴിലുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന അപാകതകൾ പരിശോധിക്കാനും പരാതികൾ സ്വീകരിച്ച് പരിഹാരം കാണുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

**9.8.** സ്ത്രീകൾ, കുട്ടികൾ, കുടുംബം എന്നിവ കൂടി പരിഗണനാ വിധേയമാകുന്ന അന്വേഷണ കമ്മീഷനുകൾ, സഹകരണ ബാങ്കുകളുടെ ഡയറക്ടർ ബോർഡ്, പഠനങ്ങൾക്കായി സർക്കാർ നിയോഗിക്കുന്ന സർക്കാരിന്റെ ഉന്നതതല സമിതികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, തുടങ്ങിയവയിൽ കുറഞ്ഞത് മൂന്നിലൊന്നു സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കും.

**9.9.** നിയമനം, പ്രമോഷനുകൾ എന്നിവയ്ക്കായി രൂപീകരിക്കുന്ന കമ്മറ്റികളിൽ ആനുപാതികമായ സ്ത്രീ പ്രാതിനിധ്യം ഉണ്ടാകുമെന്ന് ഉറപ്പാക്കും.

**9.10.** മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സൂചികകൾ കണ്ടെത്തുകയും വിവര ശേഖരണത്തിനായി ജന്റർ ഡീ സെഗ്രിഗേറ്റഡ് ഡാറ്റ അനിവാര്യമാണ്. അയതിലേയ്ക്കായി വനിത ശിശു വികസന വകുപ്പ്, ഇക്കണോമിക് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവ സംയുക്തമായി 5 വർഷത്തിലൊരിക്കൽ വിവര ശേഖരണം നടത്തി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണ്.

**10.** <u>പദ്ധതി നിർവഹണം</u>

**10.1** സംസ്ഥാനത്ത് വനിതാ ശിശു വികസനത്തിനായി പ്രത്യേക വകുപ്പും അതിനു കീഴിൽ ജൻഡർ കൗൺസിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

ജൻഡർ കൗൺസിൽ വനിതാ നയത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ആവശ്യമായ ഉപദേശങ്ങൾ നൽകും.

**10.2** വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ ലിംഗപദവി പരിഗണനയോടെയുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ പുതിയ പരിഷ്കരണങ്ങളും അഭിപ്രായങ്ങളും ശുപാർശകളും നൽകുന്നതിന് ജൻഡർ കൗൺസിലിനെ ചുമതലപ്പെടുത്തും.

**10.3** സംസ്ഥാന വനിതാ നയത്തിന്റെ കാര്യക്ഷമമായ ആവിഷ്ക്കരണത്തിന് അനുപൂരകമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാദേശിക വനിതാനയത്തിനും കർമപരിപാടികൾക്കും രൂപം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും.

**10.4** സമൂഹത്തിൽ നിലനിൽക്കുന്ന പരമ്പരാഗതമായ ലിംഗപദവി ധാരണകൾ തിരുത്തുന്നതിനും ലിംഗപദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിനും ലക്ഷ്യം വെക്കുന്ന വനിത നയത്തിലെ കർമപരിപാടികളുടെ ആസൂത്രണ നിർവഹണ പ്രക്രിയകളിൽ വനിതാ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും പൗര സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തും.

**10.5** വനിതാ നയത്തിലെ കർമപരിപാടികളുടെ നിർവഹണത്തിൽ ദളിത്-ആദിവാസി സ്ത്രീകൾ, മത്സ്യ തൊഴിലാളി സ്ത്രീകൾ തുടങ്ങിയ വിഭാഗങ്ങളുടെയും ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകൾ, വയോജനങ്ങൾ തുടങ്ങി സവിശേഷ പരിഗണന അർഹിക്കുന്നവരുടെയും പങ്കാളിത്തത്തിനും ക്ഷേമത്തിനും മുന്നേറ്റത്തിനും പരിഗണന നൽകുവാൻ അതതു വകുപ്പുകളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തും.

**10.6** വർഷം തോറും വനിതാനയത്തിന്റെ നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്തു തുടർനടപടികൾ സ്വീകരിക്കുന്നു എന്നത് ഉറപ്പു വരുത്തുന്ന ചുമതല വനിതാ ശിശുവികസന വകുപ്പിനായിരിക്കും

**10.7** വിഷയാധിഷ്ഠിതമായിട്ടുള്ള നയങ്ങൾ അതതു വകുപ്പുകളുടെ ചുമതലയായിരിക്കും. അതിനു മേൽനോട്ടം വഹിക്കാനായി, ഓരോ വകുപ്പിലും (ഡയറക്ടറേറ്റ്/ഹെഡ് ക്വാർട്ടർ തലത്തിൽ) ഒരു ഉദ്യോഗസ്ഥനെ ജെൻഡർ റിസ്ഴോസ് പെഴ്സണായി അധിക ചുമതല നൽകി നിയോഗിക്കേണ്ടതാണ്. അവർ മുഖേന വനിതാ ശിശു വികസന വകുപ്പിന് വിവരങ്ങൾ കൈമാറേണ്ടതാണ്.

**10.8** വിവിധ വകുപ്പുകളുടെ ഏകീകരണം വനിതാ നയം പ്രാവർത്തികമാക്കാൻ സഹായിക്കും. എല്ലാ വകുപ്പുകളിലും സ്ത്രീകളും സ്ത്രീകളുമായി ബന്ധപ്പെട്ട പദ്ധതികളും ഉണ്ടാവുമ്പോൾ സ്വാഭാവികമായും ഏകീകരണം ആവശ്യമായി വരും. പ്രസ്തുത ഏകീകരണം നടക്കുന്നു എന്ന്

ഉറപ്പു വരുത്തേണ്ട ചുമതല വനിതാ ശിശു വികസന വകുപ്പിനാണ്.